# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 36 ലക്കം മാർച്ച് 2018 വാർഷിക വരിസംഖ്യ ₹ 100



ഉയിർപ്പുതിരുന്നാൾ
ആശംസകൾ!

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്


പരിശുദ്ധ കന്യകാമറിയമേ, ലോകമാകുന്ന സമുദ്രത്തിൽ
തിന്മയുടെ അലറുന്ന തിരമാലകൾകണ്ട് ഭയപ്പെടുന്ന
ഞങ്ങൾക്ക് ശാന്തിയുടെയും സമാധാനത്തിന്റെയും
തുറമുഖമായി നീ മാറേണമേ. അങ്ങയുടെ മാദ്ധ്യസ്ഥ്യത്താൽ
യുദ്ധങ്ങളും കലഹങ്ങളും അകന്ന് ഈ ഭൂമിയിൽ സമാധാനം പുലരട്ടെ.

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

**വാല്യം 36 ഉയിർപ്പ് ലക്കം മാർച്ച് 2018**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- തിരുവുത്ഥാന പ്രഭയിൽ നവസൃഷ്ടലോകം 5
- സഭ: പരസ്പരം സ്നേഹിക്കുന്ന സമൂഹം 9
- വിശുദ്ധരാകാം 12
- എന്റെ അമ്മ തേങ്ങിക്കരയുന്നു... ഞാനോ? 16
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- ഉലയുന്ന വിശ്വാസം 20
- സന്തോഷസാഗരം 21
- പാവയ്ക്കായുടെ തീർത്ഥാടനം 23
- വീവാ ക്രിസ്റ്റോ രേ 24
- സകല വിശുദ്ധരുടെയും തിരുനാൾ 27
- അനാഥമായ മുട്ടകൾ 28
- സെനക്കിൾ തരംഗം 30
- എനിക്കെന്തു ലാഭമുണ്ട്? 31
- ഉണർത്തുപാട്ട് 33
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34



എഡിറ്റോറിയൽ

# തകർച്ചകളിൽനിന്നും ഉയർച്ചകളിലേക്ക്

കുത്തേറ്റ് രക്തം വാർന്നൊഴുകി പിടഞ്ഞു മരിച്ച പ്രിയപുത്രന്റെ ചേതനയറ്റ മുഖം മനസ്സിൽനിന്നു മായുന്നതിനുമുമ്പേ ആ അമ്മയെത്തി, കുത്തിയവന്റെ മുറിപ്പാടുണക്കാൻ... പ്രതിയുടെ കുടുംബാംഗങ്ങളെ മാറോടണയ്ക്കാൻ സ്വന്തം ഹൃദയനൊമ്പരം തേലക്കാട്ടിൽ ത്രേസ്യാമ്മ എന്ന അമ്മയ്ക്ക് തടസ്സമായില്ല. അതുകൊണ്ടാണല്ലോ തന്റെ അന്ത്യകർമ്മങ്ങൾ നിർവഹിക്കുമെന്നു കരുതിയിരുന്ന വൈദികപുത്രന്റെ അന്ത്യകർമ്മങ്ങൾ കഴിഞ്ഞ് താമസിക്കാതെതന്നെ ക്ഷമയുടെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സജീവസാന്നിദ്ധ്യമായി ആ അമ്മ മുറിപ്പെടുത്തിയവന്റെ വീട്ടിലെത്തിയത്. തെറ്റുപറ്റിയവനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും ആ നിമിഷംവരെയും ദുഃഖവെള്ളിയായിരുന്നു. അവരുടെ ദുഃഖവെള്ളിയെ ഉയിർപ്പുദിനമാക്കി മാറ്റാൻ ആ സന്ദർശനത്തിനു കഴിഞ്ഞു.

ഇത് ഉയിർപ്പുകാലം... ക്രൈസ്തവാസ്തിത്വത്തിനുതന്നെ കാരണമായ നമ്മുടെ കർത്താവിന്റെ ഉത്ഥാനരഹസ്യം അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന കാലം. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം തന്നെ മിശിഹായുടെ ഉയിർപ്പാണ്. പാപത്തെയും മരണത്തെയും കീഴടക്കിയ ഉത്ഥിതൻ നല്കുന്ന പ്രത്യാശയായിരിക്കണം ഇതുപോലെയുള്ള ജീവിതാനുഭവങ്ങളിൽ നമുക്കു പ്രചോദനമാകേണ്ടത്. ഉത്ഥിതൻ പേറുന്ന പിളർക്കപ്പെട്ട പാർശ്വവും കുത്തിത്തുളയ്ക്കപ്പെട്ട കൈകാലുകളും അനേർക്ക് സൗഖ്യദായകമായതുപോലെ, തകർക്കപ്പെടുന്ന ജീവിതാനുഭവങ്ങൾ മറ്റുള്ളവരെ ഉത്ഥാനവെളിച്ചത്തിലേക്കു നയിക്കാനുള്ള ചൂണ്ടുപലകകളാക്കി നാം മാറ്റണം. ഈ ഉയിർപ്പുകാലം അതിനായി നമ്മെ പ്രചോദിപ്പിക്കട്ടെ. ഉത്ഥിതനായ മിശിഹാ അതിനു നമ്മെ സഹായിക്കട്ടെ.



തിരുവുത്ഥാനത്തിന്റെ ആശംസകളോടെ,

ചീഫ് എഡിറ്റർ



# തിരുവുത്ഥാന പ്രഭയിൽ നവസൃഷ്ടലോകം

**സി. മറിയാമ്മ നൈനാപറമ്പിൽ**
ബേത്തോമാ ദയറ, പാലമറ്റം

*കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റിരിക്കുന്നു! ഹല്ലേലുയ്യാ!*

സഭയുടെ സന്തോഷവും സഭാമക്കളുടെ പ്രത്യാശയും സൃഷ്ടലോകത്തിന്റെ നവീകരണവും തിരുവുത്ഥാനത്തിൽ സമജ്ഞസമായി സമ്മേളിക്കുന്നു. പഴയനിയമത്തിൽ ഒളിഞ്ഞിരിക്കുന്നതും പുതിയനിയമത്തിൽ വെളിവാക്കപ്പെട്ടതുമായ തിരുവുത്ഥാനരഹസ്യം അനുഭവവേദ്യമാകുന്ന കാലഘട്ടമാണ് ഉയിർപ്പുകാലം. ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലമായി ആചരിക്കുന്നത്. എല്ലാ സഭകളിലും ആദ്യകാലഘട്ടങ്ങളിലുണ്ടായി




രുന്ന ഒരേയൊരു തിരുനാൾ ഉയിർപ്പുതിരുനാൾ ആയിരുന്നു. ശ്ലീഹന്മാരുടെ കാലത്ത് വിവിധ സമൂഹങ്ങൾ വിവിധ പേരുകളിൽ (ഒന്നാം ദിവസം, എട്ടാം ദിവസം, കർത്താവിന്റെ ദിവസം) ഈ തിരുനാൾ ആചരിക്കുവാൻ തുടങ്ങി. ക്രമേണ വാർഷികാഘോഷവും പ്രചാരത്തിൽ വന്നു. ഇവിടെയും വിവിധത്വം പ്രകടമായപ്പോൾ എ.ഡി. 325-ൽ സമ്മേളിച്ച നിഖ്യാ സൂനഹദോസ് മാർച്ച് 21-നു ശേഷമുള്ള വെളുത്തവാവു കഴിഞ്ഞുവരുന്ന ഞായറാഴ്ച ഉയിർപ്പുതിരുനാൾ ആഘോഷിക്കുവാൻ തീരുമാനമെടുത്തു. ഇന്നും അതു തുടരുന്നു.

നമ്മുടെ സഭയുടെ ആരാധനാ വത്സരത്തിന്റെ കേന്ദ്രം ഉത്ഥാനത്തിരുനാളാണ്. തിരുനാളുകളുടെ തിരുനാളായിട്ടാണ് മിശിഹായുടെ ഉത്ഥാനം ആദിമസഭയിൽ ആചരിച്ചിരുന്നത്. 3-ാം നൂറ്റാണ്ടിന്റെ അവസാനം വരെ ഈ ഒരു തിരുനാൾ മാത്രമേ സഭയിൽ ഉണ്ടായിരുന്നുള്ളു. മുൻകാലങ്ങളിൽ ഉയിർപ്പു ഞായറിനെ വലിയ ഞായറാഴ്ചയെന്നും ഞായർ മുതൽ തുടങ്ങുന്ന ആഴ്ചയെ ആഴ്ചയുടെ ആഴ്ചയെന്നും വിളിച്ചിരുന്നു. മംഗളവാർത്ത മുതലുള്ള കാലങ്ങൾ പ്രത്യേകിച്ച് നോമ്പുകാലം ഉത്ഥാനാനുഭവത്തിനുള്ള ഒരുക്കമായും ഉയിർപ്പിനു ശേഷമുള്ള കാലങ്ങൾ ഉത്ഥാനാനുഭവത്തിന്റെ പങ്കുവയ്ക്കലായും കാണാവുന്നതാണ്. സൃഷ്ടിയിൽ ആരംഭിച്ച ദൈവിക പദ്ധതിയുടെ പൂർണ്ണതയും യുഗാന്ത്യത്തിൽ വരാനിരിക്കുന്ന ദൈവിക മഹത്ത്വത്തിന്റെ മുന്നാസ്വാദനവും ഉത്ഥാനം വഴി നമുക്ക് ലഭിച്ചിരിക്കുന്നു. തന്നിൽ വിശ്വസിക്കുന്നവർക്ക് ഈശോ ജീവൻ നൽകുന്നത് ഉത്ഥാനം വഴിയാണ് (യോഹ 10,10).

ഈശോ ഉത്ഥാനം ചെയ്തു എന്ന ബോധ്യമാണ് പന്തക്കുസ്താ തിരുനാളിൽ ശ്ലീഹന്മാർക്കു ലഭിച്ചത്. അന്നുമുതൽ ഉത്ഥാനം അവരുടെ പ്രസംഗവിഷയമായി. അതു മെശയാനിക വിശ്വാസത്തിന്റെ അടിസ്ഥാനവുമായി. മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാകുന്നു, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 കോറി 15,14). ഉയിർപ്പുകാലത്തെ ഒരു വലിയ ഞായറാഴ്ചയായിട്ടാണ് വി. അത്തനാസിയൂസ് വിശേഷിപ്പിക്കുന്നത്. മിശിഹായുടെ ഉത്ഥാനത്തിൽ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. സ്വർഗ്ഗരാജ്യം നമുക്ക് അവകാശമായി ലഭിച്ചതിന്റെ ആനന്ദവും ഈ കാലം പ്രദാനം ചെയ്യുന്നു. സഭയുടെ ഈ ആനന്ദത്തിന്റെ സുന്ദരമായ ആവിഷ്കരണമാണ് ദൈവാരാധനയുടെ വിവിധ അവസരങ്ങളിൽ അവളുടെ മക്കളാൽ ആവിഷ്കരിക്കപ്പെടുന്ന ഉത്ഥാനഗീതം.

സർവ്വാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമോടെ
നിന്നെ നമിച്ചുപുകഴ്ത്തുന്നു
മർത്യനു നിത്യമഹോന്നതമാ
മുത്ഥാനം നീ അരുളുന്നു
അക്ഷയമവനുടെ ആത്മാവി
ന്നുത്തമ രക്ഷയുമേകുന്നു.

പൗരസ്ത്യ സുറിയാനി സഭയുടെ ഉത്ഥാനാഘോഷത്തിൽ പീഡാനുഭവ വെള്ളിയാഴ്ച ബലിപീഠത്തിനടിയിൽ ഖബറടക്കിയ സ്ലീവായെ ഉയർത്തിക്കൊണ്ടാണ് ഉയിർപ്പാഘോഷം നടത്തുക. മാർ തോമാ നസ്രാണികളെ സംബന്ധിച്ചിടത്തോളം സാത്താനെയും മരണത്തെയും പരാജയപ്പെടുത്തി ഉത്ഥാനത്തിന്റെ വിജയം വരിച്ച മിശിഹായുടെ പ്രതീകമായി മാർ തോമാ സ്ലീവാ നിലകൊള്ളുന്നു. മാർ സ്ലീവാ എന്നാൽ കർത്താവായ ഉത്ഥിതൻ എന്ന അർത്ഥമാണുള്ളത്. മാർ തോമാ സ്ലീവായുടെ പ്രതീകാത്മകത ഹൃദ്യമാണ്. നാലു ദിക്കുകളെയും (പ്രപഞ്ചം മുഴുവനും) ഉൾക്കൊണ്ടുകൊണ്ട് ഒന്നിലേക്കു കേന്ദ്രീകരിക്കുന്ന കേന്ദ്രം

## പ്രതീക്ഷയുടെ പൂമൊട്ടുകൾ



മിശിഹായെ സൂചിപ്പിക്കുമ്പോൾ, അവന്റെ ഉത്ഥാനം വഴി സുവിശേഷവൽകരിക്കപ്പെട്ട പ്രപഞ്ചത്തിന്റെ നാല് ദിഗന്തങ്ങളെ സ്ലീവായിലെ 4 പുഷ്പിത അഗ്രങ്ങൾ സൂചിപ്പിക്കുന്നു. ശൂന്യമായ കല്ലറ മിശിഹായുടെ ഉത്ഥാനത്തിന്റെ പ്രതീകമെന്നതുപോലെ ലിറ്റർജിയിൽ ആൾരൂപമില്ലാത്ത സ്ലീവായെ ഉയിർപ്പിക്കുന്നതുവഴി മിശിഹാ ഉത്ഥാനം ചെയ്ത സത്യം പ്രഘോഷിപ്പിക്കപ്പെടുകയാണ്. ഈശോയുടെ ഉത്ഥാനം വഴി നമ്മുടെ ശരീരങ്ങൾക്ക് ഉയിർപ്പും ആത്മാക്കൾക്കു രക്ഷ(ജീവൻ)യും ലഭിച്ചു. ഈ പുതുജീവന്റെ പ്രതീകമായും മാർ തോമാ സ്ലീവാ നിലകൊള്ളുന്നു. വിടരുന്ന മൊട്ടുകൾ പുതുജീവന്റെ അടയാളമാണല്ലോ. ഈശോയുടെ ഉത്ഥാനം റൂഹാദ്ക്കുദ്ശാ വഴിയാണെന്ന യാഥാർത്ഥ്യം മാർ സ്ലീവായിലേക്കു പറന്നിറങ്ങുന്ന പ്രാവിന്റെ രൂപം പ്രഘോഷിക്കുന്നു. ചുരുക്കത്തിൽ ഈശോയുടെ ഉത്ഥാനത്തിന്റെ പ്രതീകമായ സ്ലീവാ നമ്മുടെ തന്നെയും ഉയിർപ്പിന്റെ അച്ചാരമായി നിലകൊള്ളുന്നു.

മനുഷ്യരെല്ലാം മരണശേഷം ഉയിർപ്പിക്കപ്പെടുമെന്ന പ്രത്യാശ മിശിഹായുടെ ഉയിർപ്പു നമുക്കു നൽകുന്നു. അതിനാൽ ഉയിർപ്പുകാലം ശാന്തിയുടെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും കാലഘട്ടമാണ്.

ഉയിർപ്പുതിരുനാൾ കഴിഞ്ഞു വരുന്ന ആദ്യത്തെ വെള്ളിയാഴ്ച സകല വിശുദ്ധരുടെയും ഓർമ്മ നാം ആഘോഷിക്കുന്നു. ഈശോയെ അടുത്തനുകരിച്ച് വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിച്ച വിശുദ്ധാത്മാക്കളാണവർ. ഈശോയുടെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദം കൊള്ളുന്നവരാണവർ. അവരുടെ ഓർമ്മയാചരിക്കുമ്പോൾ മിശിഹായുടെ ശ്രേഷ്ഠവഴികളിലൂടെ നടന്ന് സ്വർഗ്ഗീയ മഹത്ത്വത്തിന്റെ സുവർണ്ണ കിരീടം ചൂടിയ അവരുടെ മാതൃക നമുക്കനുകരിക്കാം.

ഉയിർപ്പു കാലത്തിന്റെ രണ്ടാം ഞായർ ''പുതുഞായർ'' എന്നാണറിയപ്പെടുന്നത്. നമ്മുടെ പിതാവായ മാർതോമ്മാ ശ്ലീഹാ താൻ അനുഭവിച്ച ഉത്ഥിതനെ സകലത്തിന്റെയും നാഥനും എല്ലാവരുടെയും ദൈവവുമായി ഏറ്റു പറഞ്ഞ ദിനം. ഈ ദിനം മാർ തോമാ നസ്രാണികളായ നമുക്കും ഏറ്റം പ്രധാനപ്പെട്ടതാണ്. തോമാശ്ലീഹായിലൂടെ പകർന്നുകിട്ടിയ ആ വിശ്വാസത്തിന്റെ കൈമാറ്റം സാധിക്കുന്നത് നമ്മുടെ വിശ്വാസജീവിതത്തിലൂടെയാണ്. വിശ്വാസം കൈമാറുമ്പോഴാണു ജീവിതത്തിന് അർത്ഥമുണ്ടാവുന്നത്. ഇതു സാധിക്കണമെങ്കിൽ വിശ്വാസം ഒരു അനുഭവമാകണം. തോമാശ്ലീഹായ്ക്കു "മാർ വാലാഹ്" അനുഭവമുണ്ടായപ്പോൾ ഇന്ത്യയിലേക്കു വരുന്നതിനുള്ള ക്ലേശങ്ങളും ദുരിതങ്ങളും ഏറ്റെടുക്കുന്നതിനും ഉത്ഥിതനുവേണ്ടി ജീവനർപ്പിക്കുന്നതിനും തയ്യാറായി. ഫലമോ മാർ തോമാ നസ്രാണി സമൂഹത്തിനു ജീവനുണ്ടായി.

ഉയിർപ്പുതിരുനാൾ കഴിഞ്ഞ് 40-ാം ദിവസം അതായത് ഉയിർപ്പുകാലത്തിലെ 6-ാം വ്യാഴാഴ്ച കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ നാം ആഘോഷിക്കുന്നു. പ്രപഞ്ചശക്തികളുടെ മേലുള്ള കർത്താവിന്റെ ആധിപത്യത്തെയാണല്ലോ സ്വർഗ്ഗാരോഹണം സൂചിപ്പിക്കുന്നത്. ''ക്രൂശിക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേറ്റ മഹത്ത്വത്തിന്റെ രാജാവായ മിശിഹാ സ്വർഗ്ഗത്തിലേക്കു കരേറി, എല്ലാറ്റിനും മേൽ ഭരണം നടത്തുന്നു. ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരുവാനിരിക്കുന്നു'' എന്ന വിശ്വാസത്തിന്റെ പ്രതീകമാണ് മദ്ബഹായിൽ വിശുദ്ധ ബലിപീഠത്തിന്റെ വലത്തുവശത്തു പ്രതിഷ്ഠിച്ചിരിക്കുന്ന സുവിശേഷഗ്രന്ഥം (ഏവൻ ഗാലിയോൻ പുസ്തകം). ഈ സുവിശേഷമാണ് - സദ്വാ



## പ്രതീക്ഷയുടെ പൂമൊട്ടുകൾ

ർത്തയാണ് ദൈവം മനുഷ്യകുലത്തിനു നൽകിയത്. ഈശോയുടെ ജനനംകൊണ്ടു പൂർത്തിയായതോ, മരണംകൊണ്ട് തീർന്നതോ അല്ല ഇത്. മറിച്ച് ഉത്ഥാനം വഴി മരണത്തിനും അപ്പുറത്തുള്ള യാഥാർത്ഥ്യത്തിലേക്ക് മനുഷ്യനെ പ്രവേശിപ്പിച്ചുകൊണ്ടുള്ള സദ്‌വാർത്തയാണ്. അതാണ് ദൈവമനുഷ്യസംഗമം, മനുഷ്യനും മനുഷ്യനും തമ്മിലുള്ള സംഗമം, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സംഗമം. ശാന്തിയുടെ, സമാധാനത്തിന്റെ, നിത്യജീവന്റെ ഈ അനുഭവത്തിലേക്കു ഉയിർപ്പുകാലം നമ്മെ ക്ഷണിക്കുന്നു. അതിനാൽ ശരീരത്തിന്റെ എല്ലാ ആസക്തികളിൽ നിന്നും പാപത്തിന്റെ എല്ലാ ദുർവാസനകളിൽ നിന്നും മനസ്സിന്റെ തിന്മയിലേക്കുള്ള ചായ്‌വിൽ നിന്നും നമുക്ക് ഓടി അകലാം. പകരം ഈശോ കർത്താവും ദൈവവുമാണെന്ന് ഏറ്റു പറയാം. ജീവിതത്തിൽ ഒന്നിനു മുമ്പിലും പതറാതെ ലോകത്തിന്റെ അതിർത്തിവരെയും ആ വിശ്വാസാനുഭവം പങ്കുവയ്ക്കാൻ നമുക്ക് ഓടാം. അങ്ങനെ പുതുജീവൻ പ്രദാനം ചെയ്ത മിശിഹായെ അനുഭവിച്ചുകൊണ്ട് ഈശോ കർത്താവും ദൈവവുമാണെന്ന പ്രതീക്ഷയുടെ പൂമൊട്ടുകൾ നാനാദിക്കിലേക്കും നമുക്ക് പങ്കുവയ്ക്കാം.


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER PRATHEEKSHAYUDE POOMOTTUKAL**

**Form - IV**

| | | |
|---|---|---|
| 1. Place of Publication | : | Manganam, Spirituality Centre; Manganam P.O., Kottayam |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | Annamma Kulathupurayidom |
| Nationality | : | Indian |
| Address | : | Spirituality Centre, Manganam P.O., Kottayam-686 018 |
| 4. Publisher's Name | : | Annamma Kulathupurayidom |
| Nationality | : | Indian |
| Address | : | Spirituality Centre, Manganam P.O., Kottayam-686 018 |
| 5. Editor's Name | : | Fr. Mathew Vellanickal |
| Nationality | : | Indian |
| Address | : | Spirituality Centre, Manganam P.O., Kottayam-686 018 |



# സഭ: പരസ്പരം സ്നേഹിക്കുന്ന സമൂഹം

**മല്പാൻ മാത്യു വെള്ളാനിക്കൽ**

യൂദാസ് ഈശോയുടെയും ശിഷ്യരുടെയും കൂട്ടായ്മ വിട്ട് പുറത്തുപോയപ്പോൾ ഈശോയുടെ പീഡാനുഭവവും മരണവും ഉറപ്പായി. അത് ശിഷ്യന്മാരെ അറിയിച്ചുകൊണ്ട് ഈശോ പറയുന്ന വാക്കുകളാണ് യോഹ 13,31 മുതൽ 38 വരെയുള്ള വാക്യങ്ങൾ രേഖപ്പെടുത്തുന്നത്. തന്റെ വേർപാടിന്റെ നിമിഷം സമാഗതമായി എന്ന് ഈശോ ശിഷ്യരെ അറിയിക്കുന്നു. അവരുടെ ആ സമയത്തുള്ള പ്രതികരണവും അതിന് ഈശോ നല്കുന്ന മറുപടിയും ഈ സുവിശേഷഭാഗം രേഖപ്പെടുത്തിയിരിക്കുന്നു.

## സഭ: സ്നേഹത്തിലൂടെ ഈശോ സന്നിഹിതനാകുന്ന സമൂഹം

യൂദാസ് പുറത്തുപോയപ്പോൾ ഈശോ പറയുന്നു: "ഇപ്പോൾ മനുഷ്യപുത്രൻ മഹത്ത്വപ്പെട്ടിരിക്കുന്നു. അവനിൽ ദൈവവും മഹത്ത്വ




പ്പെട്ടിരിക്കുന്നു" (13,31). ഈശോയുടെ മരണം അവിടുത്തെ മഹത്ത്വീകരണമാണ്. പിതാവിന്റെ മഹത്ത്വത്തിലേക്കുള്ള പ്രവേശനമാണ്. മനുഷ്യാവതാരത്തിൽ മാറ്റിവച്ച മഹത്ത്വം വീണ്ടും സ്വീകരിക്കുന്ന സംഭവമാണ് (ഫിലി 2,6-10). പക്ഷേ, ഈശോയെയും ശിഷ്യരെയും സംബന്ധിച്ചിടത്തോളം അത് വേർപാടിന്റെ, വേദനയുടെ നിമിഷമാണ്. ''ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല" (13,33). എങ്കിലും ഈ വേർപാട് ഒരു കൂടിവരവിന്റെ മുന്നോടിയാണ് എന്നു പറഞ്ഞ് ഈശോ സ്നേഹപൂർവം അവരെ ആശ്വസിപ്പിക്കുകയാണ്. പിന്നീട് അന്ത്യപ്രഭാഷണത്തിന്റെ തുടക്കത്തിൽ ഈശോ അത് വ്യക്തമായി പറയുന്നുണ്ട് (14,1-3). മഹത്ത്വത്തിൽ വരാനിരിക്കുന്ന കൂടിവരവിനെ മുന്നിൽകണ്ടുകൊണ്ട് പ്രത്യാശയോടെ തന്റെ സ്നേഹത്തിൽ നിലനില്ക്കാൻ ശിഷ്യരെ ഈശോ ആഹ്വാനം ചെയ്യുന്നുണ്ട്. "കുഞ്ഞുങ്ങളേ" എന്ന സംബോധന അതിന്റെ സൂചനയാണ്. ഉത്ഥാനത്തിലൂടെ തിരിച്ചുവന്ന് സ്നേഹത്തിൽ അവരോടൊത്തായിരിക്കുമെന്ന സൂചന ഇവിടെ നല്കുന്നുണ്ട്. അതുകൊണ്ടാണ് ഈ സന്ദർഭത്തിൽ സ്നേഹത്തിന്റെ കല്പന ഈശോ അവർക്കു നല്കുന്നത്.

## സഭ: പരസ്പരം സ്നേഹിക്കുന്ന സമൂഹം

വേർപാടിന്റെ നിമിഷങ്ങളിൽ ഈശോ ശിഷ്യർക്കു നല്കുന്ന കല്പനയാണ് പരസ്പര സ്നേഹത്തിന്റെ കല്പന: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" (13,34-35). 'പുതിയ കല്പന' എന്നാണ് ഈ സ്നേഹത്തിന്റെ കല്പനയെ ഈശോ വിശേഷിപ്പിക്കുന്നത്. പുതിയ ഉടമ്പടിയുടെ സ്മാരകമായ പരിശുദ്ധ കുർബാന സ്ഥാപിക്കുന്ന പശ്ചാത്തലത്തിലായതുകൊണ്ട് ഈ കല്പന പുതിയ ഉടമ്പടിയുടെ കല്പനയായിട്ടാണ് നല്കപ്പെട്ടിരിക്കുന്നത്. പഴയ ഉടമ്പടിയുടെ വ്യവസ്ഥ അരുതുകളിൽ ഒതുങ്ങി നില്ക്കുന്ന കല്പനകളായിരുന്നുവെങ്കിൽ, പുതിയ ഉടമ്പടിയുടെ വ്യവസ്ഥ ആകേണ്ടതുകളിലേക്കു കടന്നു ചെല്ലുന്നതും ഈശോയുടെ സ്നേഹത്താൽ പ്രചോദിതവുമായ പരസ്പര സ്നേഹത്തിന്റെ കല്പനയാണ്: ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (13,35). സഭാസമൂഹത്തിൽ പ്രാവർത്തികമാകേണ്ട സ്നേഹമാണ് ഇത്. ഈ സ്നേഹം സഭാസമൂഹത്തിന്റെ മുഖമുദ്രയുമാകണം: "നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (13,35).

## ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കുന്ന സമൂഹം

ഈശോയുടെ സ്നേഹമാണ് സഭാസമൂഹത്തിൽ പ്രാവർത്തികമാകേണ്ട സ്നേഹത്തിന്റെ മാതൃക. മറ്റു വാക്കുകളിൽ പറഞ്ഞാൽ സഭാസമൂഹത്തിൽ ഈശോയുടെ സ്നേഹം കാണുവാൻ മറ്റുള്ളവർക്കു കഴിയണം. ഈശോ സ്നേഹിച്ചതുപോലെ സഭാംഗങ്ങൾ പരസ്പരം സ്നേഹിക്കുമ്പോൾ അവരിൽ ഈശോയുടെ സ്നേഹം ദർശിക്കുവാൻ മറ്റുള്ളവർക്കു കഴിയും. അതിന്റെ ഫലമായി ഈശോയെത്തന്നെ ലോകത്തിനു കാണുവാൻ കഴിയും; കഴിയണം. പക്ഷേ, അപ്രകാരം സ്നേഹിക്കണമെങ്കിൽ ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കുവാൻ സഭാംഗങ്ങൾക്കു കഴിയണം. 'പോലെ' എന്നതിനു മൂലഭാഷയിൽ ഉപയോഗിക്കുന്ന 'കാത്തോസ്' എന്ന വാക്കിന് രണ്ട് അർത്ഥങ്ങളുണ്ട്: 1. മാതൃക; 2. ഉറവിടം. ഈശോയുടെ സ്നേഹം നമ്മുടെ സ്നേഹത്തിനു മാതൃകയാണ്. നമ്മുടെ സ്നേഹത്തിന്റെ ഉറവിടവും ഈശോയുടെ സ്നേഹമാണ്. ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കുന്നവർക്കേ, ഈശോയെപ്പോലെ സ്നേഹി



ക്കാൻ കഴിയുകയുള്ളു. മുന്തിരിച്ചെടിയും ശാഖകളും എന്ന ദൃഷ്ടാന്തത്തിലൂടെ ഈശോയും സഭയും തമ്മിലുള്ള ബന്ധത്തെ ഉദാഹരിക്കുന്നിടത്ത് രണ്ടു പ്രാവശ്യം സ്നേഹത്തിന്റെ ഈ പുതിയ കല്പന ആവർത്തിക്കപ്പെടുന്നുണ്ട് (15,12.17). അവിടെ പ്രത്യേകമായ ഊന്നൽ നല്കുന്നത് ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കുന്നതിനാണ്: "നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" (15,9). ഈശോയുടെ സ്നേഹം നമ്മെ ഒന്നിപ്പിക്കുമ്പോൾമാത്രമേ, ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കുവാൻ നമുക്കു കഴിയുകയുള്ളു. അതുകൊണ്ട് സഭ ഈശോയുടെ സ്നേഹത്തിൽ ഒന്നായി ജീവിക്കുന്ന സമൂഹമായിരിക്കണം.

### സഭ: ഈശോയെ അനുഗമിക്കുന്നവരുടെ സമൂഹം

'ഈശോയെ അനുഗമിക്കുക' എന്നത് ശിഷ്യത്വത്തിന്റെ സ്വഭാവമാണ്. മിശിഹാശിഷ്യത്വമാണ് സഭാജീവിതത്തിന്റെ അടിസ്ഥാനം. ഈശോയെ അനുഗമിക്കുന്ന ശിഷ്യരുടെ സമൂഹമാണ് സഭ. "കർത്താവേ, നീ എവിടേക്കു പോകുന്നു?" എന്ന് പത്രോസ് ചോദിച്ചപ്പോൾ ഈശോ പ്രതിവചിച്ചു: "ഞാൻ പോകുന്നിടത്തേക്ക് ഇപ്പോൾ എന്നെ അനുഗമിക്കാൻ നിനക്കു കഴിയുകയില്ല. എന്നാൽ പിന്നീടു നീ അനുഗമിക്കും" (13,36). ഈശോയ്ക്കുവേണ്ടി ജീവൻ ത്യജിക്കുമെന്നു പത്രോസ് പറഞ്ഞപ്പോൾ, പത്രോസ് തന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറയുമെന്നാണ് ഈശോ പത്രോസിനോടു പറയുന്നത് (13,37). ഈശോയെ അനുഗമിക്കുന്നവർ രക്തസാക്ഷിത്വത്തിനു തയ്യാറായിരിക്കണം. എന്നാൽ, അതത്ര എളുപ്പമല്ല എന്ന് ഈശോ പത്രോസിനെ ഓർമ്മിപ്പിക്കുന്നു. അതേസമയം, തന്റെ ഉത്ഥാനത്തിനുശേഷമുള്ള പത്രോസിന്റെ രക്തസാക്ഷിത്വത്തെ മുന്നിൽകണ്ടുകൊണ്ട് "എന്നെ അനുഗമിക്കുക" എന്ന് ഈശോ പറയുന്നുമുണ്ട് (21,19). വീഴ്ചയിലൂടെ പത്രോസ് ശിഷ്യത്വത്തിൽ വളരുമെന്നും ഇതു സൂചിപ്പിക്കുന്നു. നാമും വീഴ്ചയിലൂടെ വളർന്ന് ശിഷ്യത്വത്തിൽ ഉറപ്പിക്കപ്പെട്ട് ഈശോയെ അനുഗമിക്കുന്നവരാകണമെന്ന് ഇതു വ്യക്തമാക്കുന്നു.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# വിശുദ്ധരാകാം

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

വിശുദ്ധർ ആരാണ് എന്ന് കഴിഞ്ഞവർഷം ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ച നാം ധ്യാനവിഷയമാക്കുകയുണ്ടായി. അന്ന് നാം വെളിപാടുപുസ്തകം 7 -ാം അധ്യായം 9 മുതലുള്ള വാകൃങ്ങളിലൂടെ വിശുദ്ധർ ദൈവത്തിനു സമർപ്പിതരും സ്വർഗത്തിൽ ദൈവത്തിനുമുമ്പിൽ പ്രണമിച്ചവരുമാണ് എന്ന് കാണുകയുണ്ടായി. വിശുദ്ധർ ദൈവത്തിനായി സമർപ്പിച്ചത് സഹോദർങ്ങൾക്കായി സ്വയം അർപ്പിച്ചുകൊണ്ടാണ്.

രക്തസാക്ഷിയായ സിസ്റ്റർ റാണിമരിയ നസ്രാണിസമൂഹത്തിൽ നിന്നുള്ള ഒരു ധീരമിഷനറിയായിരുന്നുവെന്നു നമുക്കറിയാം. അവൾ ഇന്ത്യയിൽനിന്നുള്ള ആദ്യ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ടവളായി തീർന്നത് ദൈവത്തെ സഹോദരങ്ങളിൽ കണ്ട് അവർക്കായി തന്നെത്തന്നെ സമർപ്പിച്ചതുവഴിയാണ്.

ഫ്രാൻസിസ് പാപ്പ പഠിപ്പിക്കുന്നു, 'സഹോദരനായി അർപ്പിക്കാതെ ദൈവത്തിനായുള്ള അർപ്പണം അസാധ്യമാണ്'. വി.യോഹന്നാൻ ശ്ലീഹാ, ദൈവത്തെ സ്നേഹമെന്നു വിളിച്ചവൻ, പറയുന്നു, 'ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെ സ്നേഹിക്കാതിരുന്നാൽ അവൻ

വ്യാജം പറയുന്നു. അവനിൽ സത്യമില്ല'. നിത്യവസതിയിലേക്കുള്ള പ്രവേശന മാനദണ്ഡം അവശത അനുഭവിക്കുന്നവരിൽ ദൈവമുഖം ദർശിച്ച് അവരെ സഹായിക്കുന്നതാണെന്ന് വി.മത്തായിശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിൽ അന്ത്യവിധിയെക്കുറിച്ചുള്ള വിവരണത്തിൽ നാം കാണുന്നു. സഭയും വിശുദ്ധരും ദൈവത്തിന്റെ ജനത്തിനായി സ്വയം സമർപ്പിച്ചവരാണ്. സഭയുടെ പ്രവർത്തനങ്ങൾ സമൂഹത്തിനായുള്ള സമർപ്പണത്തിന്റെ ഫലങ്ങളായിരുന്നു.

1) 125 വർഷങ്ങൾക്കപ്പുറത്ത് ഈ കേരളത്തിൽ, അന്നത്തെ തിരുവിതാംകൂറിൽ, 'എനിക്ക് ധ്യാനിക്കാനാവില്ല, ഇതൊരു ഭ്രാന്താലയം' എന്നുപറഞ്ഞ് കന്യാകുമാരി കടലിൽ ഒരു പാറയിൽ ധ്യാനിക്കാനായി പോകേണ്ടിവന്ന സ്വാമി വിവേകാനന്ദൻ കണ്ട വിഭജനത്തിന്റെയും വിദ്വേഷത്തിന്റെയും മതിൽകെട്ടുകൾക്കുള്ളിൽ പരസ്പരം പടവെട്ടികഴിഞ്ഞിരുന്ന ഈ നാടിനെ ഇന്നത്തെ കേരളത്തിലേക്ക് വളർത്തിയത് ആരാണ്? എങ്ങനെയാണ്? സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശത്തിൽ ഈ ജനതതിയെ രൂപപ്പെടുത്തിയത്, ദൈവം ഏകനാണെന്നും മനുഷ്യരെല്ലാവരും ആ ദൈവത്തിന്റെ സൃഷ്ടിയാകയാൽ അവിടുത്തെ മക്കളും പരസ്പരം സഹോദരങ്ങളുമാണെന്നും വിശ്വസിക്കുന്ന ക്രൈസ്തവദർശനം ഒന്നു മാത്രമാണ്.

2) അമേരിക്കയിൽ പ്രസ് സ്ഥാപിക്കുന്നതിനു മുമ്പ്, ഓസ്ട്രേലിയ കണ്ടുപിടിക്കപ്പെടുന്നതിനു മുമ്പ്, 1578 ൽ വൈപ്പിനിൽ ഈശോസഭാവൈദികർ പ്രസ് സ്ഥാപിച്ചു.

3) വിവേചനത്തിന്റെ കനത്ത കോട്ടകൾ കെട്ടി മനുഷ്യമക്കൾക്ക് വിദ്യാഭ്യാസവും സമത്വവും ജീവിത സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടിരുന്ന കാലത്ത് പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ തുടങ്ങണമെന്നും അവിടെ എല്ലാവർക്കും അക്ഷരജ്ഞാനത്തിന്റെ ഭണ്ഡാഗാരം തുറന്നു നൽകണമെന്നും കേരള സഭാമക്കളോട് നിർദ്ദേശിച്ചതും വിശുദ്ധനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണ്. അതുപോലെ, ഒരു അധികാരിയും ചിന്തിക്കുന്നതിനു മുമ്പേ ഉച്ചക്കഞ്ഞി നടപ്പിലാക്കിയതും അദ്ദേഹമാണ്.

സ്ത്രീവിമോചനത്തിന്റെ വാതായനം തുറന്ന് അവരുടെ വിദ്യാഭ്യാസത്തിന് എല്ലാ സന്ന്യാസമഠങ്ങളിലും പെൺകുട്ടികളെ താമസിപ്പിച്ച് അവരുടെ പഠനത്തിനവസരമൊരുക്കണമെന്നും ഉദ്ബോധിപ്പിച്ചത് ധന്യനായ കുര്യാളശ്ശേരി തോമാ മെത്രാനുമാണെന്ന സത്യം ചരിത്രം സാക്ഷിക്കുന്നു.

4) ഇവിടുത്തെ സ്ത്രീകളെ മാറുമറയ്ക്കുന്നതിനെതിർത്തവരെ മിഷനറിമാർ ബൽജിയത്തിൽ നിന്നു ബ്ലൗസ് കൊണ്ടുവന്ന് നേരിട്ട വിപ്ലവം നമുക്ക് മറക്കാനാവില്ല.

5) സംസ്കൃതത്തിന് ഇന്ന് ചിലർ അവകാശവാദം ഉയർത്തുന്നു. എന്നാൽ ആ ഭാഷ പഠിക്കാനുള്ള അവകാശം നിഷേധിച്ചിരുന്നവർക്ക് അതു പഠിക്കാനുള്ള അവസരം ഒരുക്കിയത് ക്രൈസ്തവ സമൂഹമാണെന്നതും മറക്കരുത്.

6) രോഗത്തെയും രോഗിയെയും വിധിയായി കണക്കാക്കി എഴുതിത്തള്ളിയപ്പോൾ അറപ്പും വെറുപ്പും തോന്നിക്കുന്നവരെപ്പോലും വാരിയെടുത്ത് വച്ചുകെട്ടി വളർത്താൻ ഇവിടുത്തെ സമർപ്പിത സന്ന്യാസിനിമാരുടെ നേഴ്സിംഗ് വിപ്ലവം ആവശ്യമായിരുന്നു. ഇന്നിപ്പോൾ നേഴ്സിംഗ് പണസമ്പാദന മാർഗമായി മാത്രം കരുതുന്നവരുണ്ട്.

7) അക്ഷരം പഠിപ്പിച്ചു, വായിക്കാൻ പരിശീലിപ്പിച്ചു, വായിക്കാനും പഠിക്കാനുമുള്ളത് അച്ചടിച്ചു നൽകി, പഠിച്ചവർക്ക് ജോലിസാധ്യതകൾ നൽകി.

8) ഇന്ത്യയിലെ ഗദ്യസാഹിത്യശാഖ വികസിപ്പിച്ചതും, ആദ്യ മലയാള നിഘണ്ടു രചിച്ചതും ആദ്യ സഞ്ചാരസാഹിത്യകൃതി എഴുതിയതും ക്രൈസ്തവർതന്നെ.

സഭ നന്മചെയ്തവൾ മാത്രമല്ല, നന്മതുടരുന്നവളും അതിന്റെ പേരിൽ തിരസ്കരിക്കപ്പെടുന്നവളും പീഡിപ്പിക്കപ്പെടുന്നവളുമാണ്. രക്തസാക്ഷിത്വം ഒരു അടഞ്ഞ അധ്യായമല്ല, ഇന്നും തുടരുന്ന സത്യമാണ്.

9) ഇന്ത്യയിലെ ക്രൈസ്തവ ജനസംഖ്യ 2.38 % ആണ്. അതായത് ഏതാണ്ട് 3 കോടി. അതിൽ വിദ്യാർത്ഥികൾ 1 കോടിപോലുമില്ല. എന്നാൽ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 5 കോടി 25 ലക്ഷം വിദ്യാർത്ഥികൾ ഇന്നു പഠിക്കുന്നു. കേരളജനതയുടെ ഇരട്ടിയിൽ കൂടുതൽ പേരെ പഠിക്കുവാൻ നാം സഹായിക്കുന്നു.

ഇന്ത്യയിലെ സാമൂഹിക ആതുരശുശ്രൂഷാരംഗത്ത് 65% വും നിർവ്വഹിക്കുന്നത് 2.% വരുന്ന ക്രൈസ്തവസഭയാണ്.

ഇന്നു പലർക്കും വിശ്വാസം ഒരു പങ്കുകച്ചവടമായി മാറിയിരിക്കുന്നു. ഞാനും എന്റെ ദൈവവുമായുള്ള ഒരു പങ്കുകച്ചവടം. ലൗകിക ഉയർച്ചയ്ക്കുള്ള ഉപാധിയായി വിശ്വാസത്തെ കണ്ടുതുടങ്ങിയിരിക്കുന്നു. ആഗ്രഹപൂർത്തീകരണത്തിനും ഉദ്ദിഷ്ടകാര്യസാക്ഷാത്കാരത്തിനും വിശുദ്ധരും തിരുനാളുകളും നൊവേനകളും മാറ്റപ്പെടാതിരിക്കാൻ ഇന്നത്തെ സുഖാന്വേഷണ സംസ്കാരത്തിൽ നാം ബദ്ധശ്രദ്ധരായിരിക്കണം.

അതുകൊണ്ടുതന്നെ നന്മചെയ്യുന്നവൻ ദൈവം, വേദനതരുന്നവൻ സാത്താൻ എന്ന കാഴ്ചപ്പാട് കടന്നുവരുന്നു. വിശ്വാസവും വിശ്വാസലക്ഷ്യവും നിത്യരക്ഷയിലായിരിക്കണം. രക്തസാക്ഷികൾ സഹോദരനെക്കൊണ്ടു ജീവിച്ചവരോ നേട്ടങ്ങൾക്കായി വിശ്വസിച്ചവരോ അല്ല. മിശിഹാ... നൽകുവാൻ വന്നവൻ, പിതാവിനാൽ ലോകത്തിനായി നൽകപ്പെട്ടവൻ, സ്വയം മുറിച്ചു നൽകിയവൻ. അവിടുത്തെ അനുഗമിച്ചവർക്ക് അവിടുന്നു നൽകിയ വെല്ലുവിളിയും സ്വയം നൽകാനുള്ള, ത്യജിക്കാനുള്ള ആഹ്വാനമാണ്. രക്തസാക്ഷികൾ തങ്ങളുടെ ജീവിതം നൽകി.

പഴയനിയമത്തിൽ ദൈവത്തിനുള്ള സമർപ്പണത്തിന്റെ അളവ് 10% അഥവാ ദശാംശമായിരുന്നു. എന്നാൽ പുതിയനിയമത്തിൽ അത് 100% ആയി. സമ്പൂർണ്ണസമർപ്പണമാണവിടുന്ന് നടത്തിയതും ആവശ്യപ്പെടുന്നതും. അനനിയാസിന്റെയും സപ്പീറയുടെയും പാതിസമർപ്പണമല്ല, പരിശുദ്ധമറിയത്തിന്റെ "ഇതാ ഞാൻ, കർത്താവിന്റെ ദാസി" എന്ന പൂർണ്ണാർപ്പണഭാവം. രക്തസാക്ഷികളുടെ ജീവനർപ്പിക്കുന്ന വിശ്വാസാർപ്പണം-അതാണ് മിശിഹായനുയായികളുടെ മുഖമുദ്ര.

ഉദ്ദിഷ്ടകാര്യസാധ്യത്തിനായി പേഴ്സ്തുറക്കുന്നതും നേർച്ചയർപ്പിക്കുന്നതും സൂപ്പർ മാർക്കറ്റിലെ കച്ചവടംപോലെ വിശ്വാസത്തെ തീർക്കുന്നു. നേർച്ചകൾ ആഗ്രഹപൂർത്തീകരണ ഉപാധികളാകാൻ ഇടയാക്കരുത്. വിശുദ്ധർ സമർപ്പിച്ചത് ഉള്ളതല്ല, ഉള്ളാണ്. പക്ഷിമൃഗാദികളെ ദൈവാലയത്തിൽ കാഴ്ചകൊടുത്തത് - ഈശോയുടെ സമർപ്പണവേളയിൽ അവിടുത്തെ



മാതാപിതാക്കന്മാർ പ്രാവിൻകുഞ്ഞുങ്ങളെ ദൈവാലയത്തിൽ നൽകിയത് - ഈശോയെ സമർപ്പിച്ചതിന്റെ പ്രതീകാത്മക കർമ്മമായിരുന്നു. കാൽവരിയിലെ കുരിശിൽ അത് പൂർത്തിയാക്കപ്പെടുകയും ചെയ്തു. നമ്മുടെ നേർച്ചകാഴ്ചകളും നമ്മുടെ സമർപ്പണത്തിന്റെ പ്രതിഫലനമായിരിക്കണം.


കോടികളുടെ വിലയുള്ള BMW കാറിൽ മുഖം വീർപ്പിച്ചിരുന്നു സഞ്ചരിക്കുന്ന ദമ്പതികൾക്കു പുറകേ അതേ കാറിന്റെ ഡ്രൈവറിന്റെ കുടുംബം ഓട്ടോയിൽ കളിതമാശകളുമായി പോകുന്നതും, പീടികകോലായിൽ കൂർക്കം വലിച്ചുറങ്ങുന്നവനെ കണ്ടവന് പക്ഷേ എ.സി. റൂമിൽ കിടന്നിട്ടും ഉറക്കം വരുന്നില്ല എന്നതും നാം കൂട്ടിവായിക്കേണ്ടതുണ്ട്.

വില്യം ഷേക്സ്പിയറിന്റെ ഒരു കവിതയിലെ പ്രസിദ്ധമായ ചോദ്യമാണ് 'ആരാണ് സന്തോഷവാൻ?' എന്നത്. എല്ലാക്കാലത്തും പ്രസക്തമായ ചോദ്യമാണ് ആ വരികളിലുള്ളത്.

വിശുദ്ധർ യഥാർത്ഥ സന്തോഷത്തെ കണ്ടെത്തിയവരും അതിനായി ഈലോക ജീവിതവും ജീവനും സമർപ്പിച്ചവരുമാണ്. സർവ്വവും സമർപ്പിച്ചവൻ ഉയിർപ്പിക്കപ്പെട്ടതുപോലെ അവനിലും അവനായും സമർപ്പിച്ചവരും അവനിൽ ഉയിർപ്പിക്കപ്പെട്ടു, ഇനിയും അപ്രകാരം ജീവാർപ്പണം നടത്തുന്നവർ അവിടുത്തോടൊപ്പം മഹത്ത്വത്തിലേക്ക് ഉയിർപ്പിക്കപ്പെടുകയും ചെയ്യുമെന്ന് സകല വിശുദ്ധരുടെയും തിരുനാൾ ഉയിർപ്പുകാലം ആദ്യ വെള്ളിയാഴ്ച ആഘോഷിക്കുന്നതുവഴി സഭ നമ്മെ അനുസ്മരിപ്പിക്കുന്നു.

## Spirituality Centre Programme

| | |
|---|---|
| **April** | |
| 07 | Social Animators |
| 06-10 | Retreat |
| 10-11 | Cenacle Gathering (Sodales&Aspirants) |
| 14 | School of Bible |
| 16-20 | Pro Sanctity Retreat (15-21 year's old) |
| 21 | Recollection for Oblates |
| 22-25 | Vocation Camp |
| 26-29 | Pro Sanctity Retreat (8-14 year's old) |
| **May** | |
| 01 | Renewal Day of Apostolic Oblates |
| 02-07 | Annual Retreat for Apostolic Oblates |
| 08 | Bible Study Forum |
| 08-09 | Cenacle Gathering (Sodales&Aspirants) |
| 12 | School of Bible |
| 13-18 | Annual Retreat for A. O. (II Batch) |
| 19 | Social Animators |
| 19-23 | Superiors' Meet |
| 25-30 | Retreat |



# എന്റെ അമ്മ തേങ്ങിക്കരയുന്നു... ഞാനോ?

**അനു കുരിശുംമൂട്ടിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

അമ്മയുടെ കണ്ണുകൾ നിറഞ്ഞുകവിയുന്നു... ഏങ്ങലടിയുടെ സ്വരവും കേൾക്കാം... അമ്മ വിതുമ്പിക്കരയുന്നതും കുത്തിക്കീറപ്പെടുന്നതും കണ്ടിട്ട് ചലനമറ്റ്, നിർവികാരതയോടെയിരിക്കുന്നത് ഞാൻ മാത്രമാണോ?

ആ സിരകളിലൂടെയൊഴുകിയ രക്തമല്ലേ എന്റെയും രക്തം... അവിടെനിന്നല്ലേ ജീവരസവും ഞാൻ ഊറ്റിയെടുക്കുന്നത്... എന്റെ അമ്മയെ തെരുവിലേക്ക് വലിച്ചിഴച്ചതും കുത്തിക്കീറിയതും ആ വേദനയും മാനക്കേടുംകണ്ട് മറ്റുള്ളവരോടൊപ്പം ആർത്തട്ടഹസിച്ചതും ഞാൻ തന്നെ... അമ്മയുടെ മാനം കാക്കാത്ത, അമ്മയുടെ ജീവനു ഭീഷണിയായ മകനെ/ മകളെ എന്തു വിളിക്കണം?

അമ്മ സഭയാണ്... ദൈവം പിതാവും... സഭയെ അമ്മയായി കരുതാത്തവന് ദൈവത്തെ പിതാവെന്നു വിളിക്കാൻ അർഹതയില്ല....

സഭയ്ക്ക് മാർ അപ്രേം നല്കിയ നിർവ ചനം വി. യോഹന്നാന്റെ സുവിശേഷത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. "ഈശോയുടെ പാർശ്വത്തിൽനിന്ന് രക്തവും വെള്ളവും ഒഴുകി. അത് തന്റെ സഭയാണ്. ആദത്തിന്റെ കാര്യത്തിൽ എന്നതുപോലെ അത് അവനിൽ പണിയപ്പെട്ടിരിക്കുന്നു. ആദത്തിന്റെ ഭാര്യ അവന്റെ പാർശ്വത്തിൽനിന്ന് എടുക്കപ്പെട്ടതാണ്. ആദത്തിന്റെ വാരിയെല്ല് അവന്റെ ഭാര്യയാണ്; നമ്മുടെ കർത്താവിന്റെ രക്തം അവന്റെ സഭയാണ്. ആദത്തിന്റെ വാരിയെല്ലിൽനിന്ന് മരണം ഉണ്ടായി; എന്നാൽ നമ്മുടെ കർത്താവിന്റെ പാർശ്വത്തിൽനിന്ന് ജീവൻ ഉണ്ടായി" (മാർ അപ്രേം, സുവിശേഷഭാഷ്യം 21,11).

മിശിഹായുടെ പാർശ്വത്തിൽനിന്നൊഴുകിയ അവിടുത്തെ തിരുരക്തമാണ് സഭയെങ്കിൽ മിശിഹായുടെ ജീവൻതന്നെയാണ് സഭ. ആ ജീവൻ പങ്കിടുന്നവരാണ് സഭാതനയർ. ഈ ബന്ധം രക്തബന്ധമാണ്. ജീവന്റെ ഉറവിടം തേടിപ്പോകുമ്പോൾ കാൽവരിയിൽ കുന്തത്താൽ കുത്തപ്പെട്ട മിശിഹായുടെ പാർശ്വമാകുന്ന ഉറവിടത്തിൽ അന്വേഷണം അവസാനിക്കും. .. ബന്ധത്തിന്റെ ഊഷ്മളത നശിച്ചുപോയെങ്കിൽ, സ്വന്തം സഹോദരങ്ങളെ തിരിച്ചറിയാൻ കഴിയാത്തവിധം കണ്ണുകൾ അന്ധമായെങ്കിൽ ആ ഉറവിടത്തിലേക്കു തിരിച്ചുനടക്കണം. ആ പാർശ്വത്തോടു ചങ്കുചേർത്തുവച്ച്, കാതുകൾ കൂർപ്പിച്ച്, കണ്ണുകൾ തുറന്നു നിലകൊള്ളണം... അവിടം അപ്പോൾ ഒരു പാഠശാല യാകും...

സഭ ഒരു വിപ്ലവപ്രസ്ഥാനമല്ല... ഒരു സംഘടനയല്ല... മറിച്ച് **അതൊരു ഭവനമാണ്.** ദൈവികസംവിധാനത്തിൽ പണിയപ്പെട്ട കുടുംബം... തന്റെ മക്കൾക്ക് അന്നം നല്കുന്ന നിത്യ ബേത്‌ലഹേം! വി. അപ്രേം പറയുന്നു: "സഭയേ, നീയാണ് നിത്യ ബേത്‌ലഹേം! (അപ്പത്തിന്റെ ഭവനം). കാരണം നിന്നിൽ ജീവന്റെ അപ്പമുണ്ട്" (മനുഷ്യാവതാരഗീതം 25,6). ജീവന്റെ അപ്പം ഭക്ഷിച്ചാൽപോരാ. ആ ജീവന്റെ സന്ദേശം പകരാനുള്ള ദൗത്യം ഈ ഭവനത്തിനുണ്ട്. മിശിഹാനുയായികൾ എന്നു സ്വയം വിശേഷിപ്പിക്കുകയും മിശിഹായെ അനുയാത്ര ചെയ്യാതെയും അനുയാത്ര ചെയ്യുന്ന സഹോദരങ്ങൾക്ക് ഇടർച്ചക്കല്ല് ആവുകയും ചെയ്യുമ്പോൾ നാം ആത്മവഞ്ചകരാകും; കർത്താവ് പറഞ്ഞതുപോലെ, നമ്മുടെ സ്ഥാനം ആഴിയുടെ അഗാധതയിലും. കാരണം ഒരിക്കലും പൊങ്ങിവരരുത്. വന്നാൽ നാം സഭയുടെ ജീവന് ഭീഷണിയാകും.

അതുകൊണ്ട് ദൈവഭവനത്തിന്റെ മഹത്ത്വത്തെ, മഹത്ത്വത്തിന്റെ സമ്പന്നതയിൽനിന്നും ജനിക്കുന്ന മക്കളുടെ ദൗത്യത്തെ ഈ ഉയിർപ്പുകാലത്തിൽ ദൈവഭയത്തോടെ അനുസ്മരിക്കാം. സഭ ദൈവത്തിന്റെ ജീവനാണ്. അതിനെ നശിപ്പിക്കാൻ ഒരുമ്പെടുന്നവൻ സ്വയം നശിക്കും എന്നല്ലാതെ സഭ നശിക്കില്ല... കാരണം അതിന്റെ ശിരസ്സ് മിശിഹായാണ്.

ജീവൻ തരുന്ന, ജീവനെ പോഷിപ്പിക്കുന്ന സഭയുടെ മക്കളായ നമുക്ക് പരസ്പരം പ്രാർത്ഥിക്കാം: സ്വന്തം മഹത്ത്വം തിരിച്ചറിയാനുള്ള വെളിച്ചം നല്കണമേ...

എന്റെ അമ്മ മുറിയപ്പെടുമ്പോൾ, അപമാനിതയാകുമ്പോൾ, നോവുള്ള ഒരു മനസ്സും അമ്മയെ സംരക്ഷിക്കാനുള്ള കരുത്തും നല്കണമേ...

എന്റെ അമ്മയെ കുറ്റപ്പെടുത്തുമ്പോൾ സ്വയം നശിക്കുകയാണെന്നുള്ള ബോധം തരണമേ...

ഈ ഭൂമിയിൽ നിത്യജീവന്റെ കാവൽക്കാരാകാനുള്ള വിളിയിൽ ഉണർവും അത്യുത്സാഹവും നല്കണമേ...

സഭയേ! എന്റെ അമ്മേ, ജനതകൾക്കു പ്രകാശമായി മലമുകളിൽ സ്ഥാപിക്കപ്പെട്ട രക്ഷയുടെ വെളിച്ചമേ, മിശിഹാ നിന്നിൽ ഉദിച്ചിരിക്കുകയാൽ നീ ഭാഗ്യവതിയാകുന്നു.

വിശുദ്ധിയുടെ മുത്തുകൾക്ക്

# കാവലാൾ 6

ജാൻസിടീച്ചർ
കറുകപ്പറമ്പിൽ

അന്ന് സിസ്റ്റർ മാഗി സ്കൂളിൽ പോയില്ല. ദേഹം മുഴുവനും വേദന. കുട്ടികൾ പോയിക്കഴിഞ്ഞപ്പോൾ സിസ്റ്റർ ഒന്നു മയങ്ങി. മയങ്ങിയുണർന്നപ്പോൾ ദേഹത്തവിടവിടെയായി ചില കുരുക്കൾ. ചിക്കൻപോക്സാണെന്ന് ഗൊരേത്തിയമ്മയ്ക്കു മനസ്സിലായി. "മാഗിസിസ്റ്റർ തൽക്കാലം വിശ്രമിക്ക്. പുറത്തേക്കിറങ്ങേണ്ട. കുട്ടികൾക്കു പകരാൻ സാധ്യതയുള്ളതുകൊണ്ട് അവർക്കു കുറച്ചു പ്രതിരോധമരുന്നു വാങ്ങിക്കൊടുക്കാം".

മുറിക്കകത്തു ഒറ്റപ്പെട്ടപ്പോൾ മാഗി സിസ്റ്ററിന് ആകെ ഒരു മനോവിഷമം. രോഗം വരുമ്പോഴാണല്ലോ പലപ്പോഴും ഒറ്റപ്പെടലിന്റെ വേദന സന്ന്യസ്തരെ???? അലട്ടുക... ഛർദിയും പനിയും വിറയലും. ഒപ്പം ദേഹമാസകലം അരിവാരിപൊതിഞ്ഞതുപോലെ കുരുക്കൾ. ഉച്ചയ്ക്കു കുറച്ചു കഞ്ഞിവെള്ളം ഉപ്പിടാതെ മുറിയുടെ വാതിൽക്കൽവച്ചുകൊണ്ട് അടുക്കളയിലെ ചേച്ചി പറഞ്ഞു: "ഈ പാത്രമൊക്കെ അവിടെത്തന്നെ വച്ചേക്കണം. പകരുന്ന ദീനമാ..." മനസ്സിൽ വന്ന ദേഷ്യം കടിച്ചു പിടിച്ച് മാഗിസിസ്റ്റർ പറഞ്ഞു: "ഓ, അങ്ങനെ ആവട്ടെ..." സിസ്റ്ററിനതിഷ്ടമില്ല എന്നുതോന്നിയതുകൊണ്ട് കത്രീനാച്ചേടത്തി പെട്ടെന്ന് അടുക്കളയിലോട്ടുപോയി. ശാലയിലെ കുട്ടികൾ മനസ്സുകൊണ്ട് സന്തോഷിച്ചെങ്കിലും പുറത്തു കാണിക്കാതെ വിഷമത്തോടെ അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞു: "ശ്ശോ.. മാഗി സിസ്റ്ററിനു ചിക്കനാ... അതു കേട്ടുകൊണ്ടാണ് സ്റ്റീനാ അങ്ങോട്ടു വന്നത്.

"എന്താ, എന്തു പറ്റി?"

"എടീ, മാഗി അമ്മയ്ക്കു ചിക്കനാ..."

"അയ്യോ... പാവം സിസ്റ്റർ... എന്തൊരു വേദനയായിരിക്കും എന്ന് എനിക്കറിയാം. കഴിഞ്ഞവർഷം ഞാനും അനുഭവിച്ചതാ".

അതും പറഞ്ഞ് എതിർപ്പുകളെ അവഗണിച്ചുകൊണ്ട് അവൾ സിസ്റ്ററിന്റെ മുറിയിലേക്കു കയറിച്ചെന്നു.

"എന്തിനാ ഇതിനകത്തോട്ടു കയറിവന്നത്? ഇത് പകരുന്ന രോഗമാ..."

"സാരമില്ല സിസ്റ്റർ... എനിക്കു വരത്തില്ല. കഴിഞ്ഞ വർഷം എനിക്കു വന്നതാ... സിസ്റ്ററിനു ഞാൻ ആര്യവേപ്പില പറിച്ചുതരാം. അതിന്റെ മേളിൽ കിടക്കുമ്പോൾ കുറച്ചു സുഖം കിട്ടും". അതും പറഞ്ഞ് അവൾ ആര്യവേപ്പില പറിക്കാൻ പുറത്തുപോയി. കുറച്ചു സമയം കഴിഞ്ഞപ്പോൾ പാണലിലയും ആര്യവേപ്പിലയും പച്ചമഞ്ഞളും ഇട്ട് വെള്ളം തിളപ്പിക്കുകയും കുറച്ച് ആര്യവേപ്പില പൊടിതൂത്ത് കട്ടിലിൽ വിതറാൻ മാഗി സിസ്റ്ററിനു നൽകുകയും ചെയ്തു.

"സിസ്റ്ററേ, ഞാൻ വെള്ളം തിളപ്പിച്ചിട്ടുണ്ട്. അതു തണുത്തു കഴിയുമ്പോൾ ദേഹത്തൊഴിക്കാൻ തരാം. ഈ പഴങ്ങൾ കഴിച്ചോ... ഉള്ളിലൊരു തണുപ്പും കിട്ടും, വിശപ്പിനും പറ്റും."

അവളുടെ ശുശ്രൂഷ മാഗി സിസ്റ്ററിന്റെ കണ്ണുനിറച്ചു. കുറച്ചു സമയം പുറത്തു തടവിക്കൊടുത്തിട്ടു അവൾ മുറിവിട്ടു പുറത്തു വന്നു.

“പോയി കുളിച്ചിട്ട് അകത്തു വന്നാൽ മതി” ഗൊരേത്തിയമ്മ അതും പറഞ്ഞു സ്റ്റീനായെ പുറത്തെ കുളിമുറിയിലേക്കു വിട്ടു. അൽപ്പം ഡെറ്റോൾ വെള്ളത്തിൽ ചേർത്ത് അവൾ കുളിച്ചു. പക്ഷേ എന്തെന്നില്ലാത്ത ഒരു സന്തോഷം അവളുടെ മനസിൽതോന്നി. വിശുദ്ധ ഗ്രന്ഥം വായിക്കാനെടുത്തപ്പോൾ ശത്രുവിനു നന്മചെയ്യുക എന്ന സന്ദേശമാണ് അവൾക്കു കിട്ടിയത്. അവളുടെ മുഖത്തെ സന്തോഷം കണ്ടപ്പോൾ മീനുക്കുട്ടി ചോദിച്ചു: “എന്താ ചേച്ചീ വല്ല ലോട്ടറിയും അടിച്ചോ?”.

“ഉം, ഒരു ലോട്ടറി ചിലപ്പോൾ കിട്ടിയേക്കും... എന്താ മീനുക്കുട്ടിക്കു വേണോ?” “ഓ, ചേച്ചിക്കു ലോട്ടറി അടിച്ചാൽ നല്ല ഒരു സമ്മാനം ഞാൻ ചോദിച്ചോളാം”. അപ്പോഴാണ് മേഴ്സി ഗൗരവത്തിൽ അങ്ങോട്ടെത്തിയത്. “സ്റ്റീനാ ഒരുകാര്യം ഞാൻ പറഞ്ഞേക്കാം പകരുന്ന രോഗമുള്ളവരുടെ അടുത്തുപോയാൽ രോഗം പകരുമെന്നു നിനക്കറിയാവുന്നതല്ലേ?... കഴിഞ്ഞ വർഷം ഇവിടുത്തെ ഹോസ്റ്റലിൽ 70 പേർക്കാ ചിക്കൻ വന്നത്”.

“അതിന് എനിക്കു കഴിഞ്ഞ വർഷം ചിക്കൻ വന്നതാണല്ലോ....”

“നിനക്ക് അതുകൊണ്ടു വരത്തില്ലായിരിക്കും. പക്ഷേ ഞങ്ങൾ വേറെ കുറെപ്പേരുംകൂടി ഇവിടുണ്ട്. അതു നീ ഓർക്കണം”.

മുഖം വീർപ്പിച്ച മേഴ്സിയോട് അവൾ ചോദിച്ചു: “അയ്യോ എന്റെ കരുണേ... പിണങ്ങിയോ....ശ്രദ്ധിച്ചോളാമേ...” “ദേ, റേഷനരി പുറത്തു തിണ്ണയിലിറക്കിയിട്ടുണ്ട്. അതകത്തേക്കു വലിച്ചോണ്ടുവരാൻ സിസ്റ്റർ വിളിക്കുന്നു”. അതും പറഞ്ഞു മീനുക്കുട്ടി ഓടി.... കുട്ടികൾ കുറെപ്പേർ ചാക്കു വലിച്ചു തുടങ്ങി. പെട്ടെന്നു സ്റ്റീനായുടെ മുട്ടു തെന്നി അവൾ താഴെ വീണു.

ഗൊരേത്തിയമ്മ ഓടിവന്നു മുട്ടുതിരുമ്മി പിടിച്ചിട്ടു. പക്ഷേ വലതു കാൽമുട്ടു നന്നായി നീരുവച്ചു. മീനുക്കുട്ടി പറഞ്ഞു:

“അമ്മേ, കർത്താവിനെ സ്നേഹിക്കുന്നവർക്ക് ഇതുണ്ടാകത്തില്ലാ എന്നു ബൈബിളിലില്ലേ”?

“എന്ത്”?


‘മുട്ടുണ്ടാവില്ലെന്ന്’.

അവളുടെ കുസൃതി ആസ്വദിച്ചെങ്കിലും സ്റ്റീനായ്ക്കു നന്നായി വേദനിച്ചു. തന്റെ വേദനമുഴുവൻ അവൾ മാഗി സിസ്റ്ററിനുവേണ്ടി കാഴ്ച്ചവച്ചു നിശബ്ദയായി കിടന്നു. ഊട്ടുമുറിയിലും ചാപ്പലിലും ഒന്നും പോയില്ല... മേഴ്സി ഉപ്പിട്ടു വെള്ളം തിളപ്പിച്ച് തോർത്തു മുക്കി അവളുടെ കാലിൽവച്ച് നീരുകുറയ്ക്കാൻ ശ്രമിച്ചു... പിറ്റേന്നു നേരം വെളുത്തപ്പോൾ അതു സംഭവിച്ചു.


# ഉലയുന്ന വിശ്വാസം

അനിത ആത്രശ്ശേരിയിൽ

കർത്താവും ശിഷ്യരും വഞ്ചിയിൽ കേറുന്നു.
തിത്തെയ് തകതെയ് ഈരടിപാടുന്നു.
താളലയങ്ങളുയരുമ്പോൾ മേളമായ്
ഗുരുവിന് നല്ലൊരുപായം മനസ്സിൽ
തുഴയട്ടെ തുടരട്ടെ ഉല്ലാസമാകട്ടെ.
കടലാണ്, വഞ്ചിയാണെന്നൊരു പേടിയും
കൂടാതെ ശിഷ്യരന്നാഘോഷിച്ചാർക്കയായ്
അമരത്തൊരു തലയണയതു കണ്ടിട്ട്
കർത്താവുമെല്ലെ മയക്കമാരംഭിച്ചു.
കൂർക്കം വലിച്ചങ്ങുറങ്ങുകയാണെന്ന്
കരുതിയ ശിഷ്യരും യാത്ര തുടരവെ
പെട്ടെന്ന് കടലിൽ തിരകളുയരുന്നു.
കാറ്റ് - കൊടുങ്കാറ്റ് - പേമാരിയും വന്നു.
തമ്പുവലിച്ചു തുഴഞ്ഞു മടുത്തവർ
സ്പീഡ്ബോട്ടുപോലവേ വഞ്ചിയുലയുന്നു .
കർത്താവേ, കർത്താവേ, നീയെന്തുറക്കമീ
ഞങ്ങളും വള്ളവും മുങ്ങുന്നു, കണ്ടാലും
ശല്യം സഹിക്കാതവനേഴുന്നേറ്റുടൻ
കാറ്റിനെ ശാസിച്ചു കടലതും ശാന്തമായ്
പേക്കിനാ കണ്ടു കരയുന്നോ ഭീരുക്കൾ
ഞാനില്ലേ- നിങ്ങൾ തൻ കർത്താവു ഞാനില്ലേ
എങ്ങുപോയ് നിങ്ങടെ വിശ്വാസമപ്പാടെ
കാറ്റതു കൊണ്ടുപോയ് കടലിലായ് താഴ്ത്തിയോ
ഭീരുക്കളാകാതെ ധീരരായിടണം.
വിശ്വാസം നിറദീപമായി സൂക്ഷിക്കണം.



സ്നേഹം: പാഠവും പഠനവും-3



# സന്തോഷസാഗരം

**ഡോ. ജേക്കബ് കോയിപ്പള്ളി**
കാനാ, തുരുത്തി

യഥാർത്ഥമായ സന്തോഷം യഥാർത്ഥമായ നന്മയിൽ, നന്മയോടുള്ള അഭിനിവേശത്തിൽ അടങ്ങിയിരിക്കുന്നു.

സന്തോഷമെന്നത് ശരീരത്തിലെ ഏതെങ്കിലും ഭാഗത്തിന് ലഭിക്കുന്ന ആനന്ദമോ, മനസിലെ ഏതെങ്കിലും തമോവികാരങ്ങളുടെ പൂർത്തീകരണമോ അല്ല. സന്തോഷം സമ്പൂർ

ണ്ണതയിലുള്ള ആനന്ദമാണ്. സന്തോഷം സാധാരണ ജീവിതാനുഭവമാകണം. അത് പെട്ടെന്നുള്ള ആസക്തിയുടെ പ്രതിഫലനമോ അതിഭൗതീകതയിലേക്കുയർന്ന ഒരു വിശ്വാസത്തിന്റെ സ്പന്ദനങ്ങളോ അല്ല. മറിച്ച് സ്നേഹകേന്ദ്രത്തിലേക്ക് സ്നേഹപ്രേരിതമായി ഒരുവൻ നീങ്ങുമ്പോൾ അവൻ സ്ഥാപിച്ചെടുക്കുന്ന സൗഹൃദങ്ങളുടെ ഫലമാണത്.

**ആ സൗഹൃദത്തിന് 3 തലങ്ങൾ:**

*ലോകത്തെയും ലോകത്തിലുള്ള വസ്തുക്കളെയും ദൈവത്തിലെത്തുന്ന ഉപാധിയായി കാണണം. ഇവിടെ ദൈവം നിർമ്മിച്ചിരിക്കുന്നതും തീർത്തിരിക്കുന്നതും അവന്റെ പദ്ധതിയാണ്. അത് തിന്മയിലെത്തിക്കുന്നത് മനുഷ്യനിലെ ദുർബലതയാണ്. പ്രകൃതിയെ ആദരിക്കുന്നത് ദൈവത്തോടുള്ള കൃതജ്ഞത തന്നെയാണ്.*

*ഒരുവൻ ഈ സ്നേഹകേന്ദ്രത്തിലെത്തുവാൻ അവൻ അവനിൽ തന്നെ വിശ്വസിക്കണം. ദൈവഛായയും സാദൃശ്യവും എന്നത് ഒരു ദുർബലതയ്ക്കും കീഴ്പ്പെടുത്താനാവാത്തവിധം ശക്തമായതും ഒരിക്കലും നഷ്ടപ്പെടാത്തതുമാണ്. അടുപ്പിലെ തീപ്പൊരി എന്നതുപോലെ ചിലപ്പോളത് മനുഷ്യന്റെ ഉള്ളിൽ കത്തിപ്പടരുന്നു; ചിലപ്പോൾ മങ്ങിക്കത്തുന്നു; ചിലപ്പോൾ എത്ര ചാരം മൂടിയാലും കെട്ടുപോകാത്ത തീപ്പൊരിയായി ശേഷിക്കുന്നു. തന്റെ ഉള്ളിലെ ഈ ദൈവികതയെ ഊതാൻ തുടങ്ങുമ്പോൾമുതൽ അവൻ ദൈവത്തെ പ്രണയിക്കുന്നവനായി മാറുന്നു.*

*മൂന്നാമത്തെ തലത്തിൽ അവൻ തന്റെ ഉള്ളിലെ അഗ്നിയിൽ അനുഭവിക്കുന്ന ആനന്ദം മറ്റുള്ളവരിൽ എത്തിക്കുകയാണ്. തങ്ങൾ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായതിന്റെ സാക്ഷ്യം നല്കിയ ശ്ലീഹന്മാരും (1 യോഹ 1,1-3) സമറായ സ്ത്രീയും (യോഹ 4,28-29) ചെയ്തതുപോലെ...*

*ദൈവം തന്ന തീപ്പൊരി ഊതിത്തുടങ്ങുന്നവന് മാറാതിരിക്കാനാവില്ല. അവനിലെ മാറ്റം ആത്മാക്കൾക്കായുള്ള ദാഹമാണ്. അപ്പോളവനിൽ സംഭവിക്കുക അത്ഭുതങ്ങളാണ് - കോപം ശമിക്കും; തമോവികാരങ്ങളുടെ വേലിയേറ്റങ്ങൾക്ക് ശാന്തതയുണ്ടാകും; തന്റെ അധ്വാനങ്ങൾക്ക് കണക്ക് പറയില്ല.... ശാന്തി മന്ത്രങ്ങളിൽ കൊരുത്ത മണിക്കൂറുകളുടെ ദിനം അവൻ സ്വായത്തമാക്കുന്നു. അവനിലൂടെ ആത്മാക്കൾ സ്നേഹകേന്ദ്രത്തിലേക്ക് നടക്കുന്നു.*

ഈ മൂന്നുതലങ്ങൾ മനുഷ്യനിൽ സംഗമിക്കുമ്പോൾ അവന് കന്യാകുമാരിയുടെ ഭംഗിവരും. അത് മൂന്ന് കടലുകളുടെ സംഗമവേദിയാണ്. മൂന്ന് കടലുകളുടെ സമ്പന്നതയെക്കാൾ വലിയൊരു സമ്പന്നത മേൽവിവരിച്ച മനുഷ്യനുണ്ടാകും. അവന്റെ ജീവിതം സന്തോഷത്തിന്റെ സാഗരമാകും.

# പാവയ്ക്കായുടെ തീർത്ഥാടനം

**ഫാ. ഷിബു പുളിക്കൽ**
നെരൂൾ, കല്യാൺ രൂപത

**ശി**ഷ്യന്മാർ തീർത്ഥാടനത്തിനു പോകാനായി തീരുമാനിച്ചു. ഗുരുവിന്റെ അടുത്ത് അനുവാദത്തിനായി അവർ വന്നു. ഗുരു അവരോടു ചോദിച്ചു: “എന്തിനാണ് തീർത്ഥാടനത്തിനു പോകുന്നത്?” അവർ പറഞ്ഞു: “ഒരു ജീവിതനവീകരണമാണ് ഞങ്ങളുടെ ലക്ഷ്യം”. ഗുരു അനുവാദം കൊടുത്തു. എന്നിട്ട് ഒരു പാവയ്ക്ക എടുത്ത് അവരുടെ നേരെ നീട്ടിക്കൊണ്ടു പറഞ്ഞു: “നിങ്ങൾ പോകുമ്പോൾ ഈ പാവയ്ക്കകൂടി കൊണ്ടുപോകണം”. ഗുരു തുടർന്നു... “നിങ്ങൾ പോകുന്ന സ്ഥലങ്ങളിലെല്ലാം ഈ പാവയ്ക്ക കൊണ്ടുപോയി പ്രാർത്ഥിക്കണം”.

ശിഷ്യന്മാർ തീർത്ഥാടനത്തിനു പുറപ്പെട്ടു. പല സ്ഥലങ്ങളിലും അവർ തീർത്ഥാടനം നടത്തി; തിരിച്ചുവന്നു. പാവയ്ക്കായും അവരോടൊപ്പം തിരിച്ചുവന്നു. ഗുരുവിന്റെ അടുത്തു സമർപ്പിച്ച പാവയ്ക്ക ഗുരു അവർക്കുതന്നെ തിരികെ നല്കിക്കൊണ്ടു പറഞ്ഞു: “ഇതു കൊണ്ടുപോയി കറിവച്ചു കൊണ്ടുവരിക”. അവർ അതു കറിവച്ച് ഗുരുവിന്റെ അടുത്തു കൊണ്ടുവന്നു. ഗുരു തുള്ളിച്ചാടി... “അത്ഭുതം... അത്ഭുതം... അത്ഭുതം... അത്ഭുതമായിരിക്കുന്നു”. ശിഷ്യർ ചോദിച്ചു: “എന്താണ് ഗുരോ, ഇത്രമാത്രം അത്ഭുതം”? ഗുരു പറഞ്ഞു: “പാവയ്ക്ക കയ്ക്കുന്നു”. ശിഷ്യന്മാർ പറഞ്ഞു: “ഓ! പാവയ്ക്ക കയ്ക്കും. അത് അതിന്റെ സ്വഭാവമല്ലേ?”. ഗുരു പറഞ്ഞു: “ഇത്രയും സ്ഥലത്ത് തീർത്ഥാടനം നടത്തിയിട്ടും പാവയ്ക്ക കയ്ക്കുകയാണ്... അതിന്റെ സ്വഭാവത്തിൽ ഒരു മാറ്റവും വന്നിട്ടില്ല”.

ഗുരു ശിഷ്യന്മാരെ ഒരു പാഠം പഠിപ്പിക്കുകയായിരുന്നു. തീർത്ഥാടനം നടത്തുന്നത് നല്ലതാണ്. അതുപക്ഷേ ജീവിതനവീകരണത്തിനുവേണ്ടിയായിരിക്കണം. നോമ്പു നോക്കുന്നത് നല്ലതാണ്; അതു ജീവിതനവീകരണത്തിനുവേണ്ടിയായിരിക്കണം. വചനം കേൾക്കുന്നവർ മാത്രമാകാതെ അത് അനുസരിക്കുന്നവർകൂടിയായിരിക്കണം. ഒരു ചെവിയിലൂടെ കേട്ട് മറുചെവിയിലൂടെ കടന്നുപോകുന്നതായിരിക്കരുത് വചനം. വചനം ഭൂമിയിലേക്കു വരുമ്പോൾ, ഹൃദയത്തിലേക്കു വരുമ്പോൾ, അതു ഫലം പുറപ്പെടുവിക്കണം. നോമ്പും തീർത്ഥാടനങ്ങളും പ്രാർത്ഥനയും പരിത്യാഗവും പശ്ചാത്താപവും ജീവിതനവീകരണം ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരിക്കണം. അല്ലാതെ ഒരു ദിവസത്തേക്ക് ഒരുവനെ എളിമയുള്ളവനാക്കുന്നതല്ല ഉപവാസമെന്ന് ഗുരു അവരെ പഠിപ്പിച്ചു.

അമ്പതുദിവസത്തെ നോമ്പിനുശേഷം ഉയിർപ്പുതിരുനാൾ ആഘോഷിക്കുമ്പോൾ വീണ്ടും നമ്മുടെ സ്വഭാവത്തിൽ എന്തെങ്കിലും വ്യത്യാസം വന്നോ? അല്ലെങ്കിൽ പാവയ്ക്ക തീർത്ഥാടനത്തിനു പോയതുപോലെ നമ്മുടെ സ്വഭാവവും അതുപോലെതന്നെയാണോ? അത് അതിന്റെ സ്വഭാവരീതിയാണ് എന്ന് മറ്റുള്ളവർ വീണ്ടും നമ്മെക്കുറിച്ച് പറയുന്നുണ്ടോ എന്നുകൂടി ഒന്നു ചിന്തിക്കേണ്ടതാണ്.



# വീവാ ക്രിസ്റ്റോ രേ

**സ്റ്റെഫി മംഗലത്തുകുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മെക്സിക്കോയിൽ ക്രൈസ്തവപീഡനം നടത്തിയ പട്ടാളഭരണകൂടത്തിനെതിരെ പോരിനിറങ്ങിയ പതിനഞ്ചുകാരനാണ് ജോസ് ലൂയിസ് സാഞ്ചെസ് ഡെൽ റിയോ. 1913 മാർച്ച് 28-ന് മെക്സിക്കോയിലെ സാൻഹുയാവോയിലാണ് ജോസിന്റെ ജനനം. ഡോൺ മക്കാറിനോയും ഡോണാ മർക്വരീത്തായുമായിരുന്നു മാതാപിതാക്കൾ. 1924-ൽ അധികാരമേറ്റ പ്രസിഡന്റ് പ്ലൂട്ടാർക്കോ കത്തോലിക്കാ സഭയുടെ എല്ലാ അവകാശങ്ങളും വിശ്വാസികളുടെ ആരാധനാ സ്വാതന്ത്ര്യവും എടുത്തുകളഞ്ഞു. സഭയുടെ സ്വത്തുവകകൾ പട്ടാളം പിടിച്ചെടുത്തു. പരസ്യദിവ്യബലി അർപ്പണവും മതപരമായ ചിഹ്നങ്ങളും വസ്ത്രങ്ങളും ധരിക്കുന്നതും വിലക്കപ്പെട്ടു. അവർ പള്ളികൾ പൂട്ടി മുദ്ര വയ്ക്കുകയും ചില വൈദികരെ പരസ്യമായി വധിക്കുകയും ചെയ്തു.

“കുഞ്ഞേ, ഈശോയ്ക്കു വേണ്ടി മരിക്കുന്നതല്ലേ എറ്റവും വലിയ മഹത്ത്വം...'' തിരുവസ്ത്രങ്ങളണിഞ്ഞ് പരി. കുർബ്ബാനയർപ്പണത്തിനായി ഒരുങ്ങിയിരിക്കവേ പട്ടാളക്കാരാൽ തന്റെ കൺമുമ്പിൽ വച്ചു വധിക്കപ്പെട്ട പ്രിയപ്പെട്ട അങ്കിൾ ഫാ.ഇഗ്നാസിയോയുടെ ഈ വാക്കുകൾ ജോസിന്റെ ജീവിതത്തെ ഏറെ സ്പർശിച്ചു.

പ്രസിഡന്റ് കല്ലസിന്റെ കിരാത ഉത്തരവോടെ ദിവ്യബലിയർപ്പണം രഹസ്യസങ്കേതങ്ങളിലായി. വൈദികരെല്ലാം ഒളിവിലായി. പട്ടണത്തിലെ ജനങ്ങൾക്ക് പ്രസിഡന്റിന്റെ പട്ടാളഭരണത്തോട് അമർഷം തോന്നി. പ്രസിഡന്റ് കല്ലസിന്റെ ജനവിരുദ്ധനയങ്ങൾ മെക്സിക്കോയിലെങ്ങും പുതിയൊരു ജനകീയമുന്നേറ്റത്തിനു തുടക്കമിട്ടു. അതിന്റെ പേരായിരുന്നു വീവാ ക്രിസ്റ്റോ രേ. 1926 ലാണ് പ്രസിഡന്റ് പ്ലൂട്ടാർക്കോ കല്ലസ് കത്തോലിക്കാ സഭയെ സ്വന്തം കാൽക്കീഴിൽ കൊണ്ടുവരുവാനുള്ള 18 കല്പനകൾ പുറപ്പെടുവിച്ചത്. പ്രസിഡന്റിന്റെ വിശ്വസ്തനായിരുന്ന, സാൻഹുയാവോ പട്ടണ

ത്തിന്റെ മേയർ, പിക്കാസോ ഒരു കത്തോലിക്കനായിരുന്നുവെങ്കിലും കല്ലസ് നൽകിയ കനത്ത ശമ്പളം അയാളുടെ ഹൃദയത്തെ കൂടുതൽ കഠിനമാക്കി. നിരവധി നിരപരാധികൾ ഈശോയെ തള്ളിപ്പറയാത്തതിന്റെ പേരിൽ വധിക്കപ്പെട്ടു.

“വീവാ ക്രിസ്റ്റോ രേ’ - ക്രിസ്തുരാജൻ നീണാൾ വാഴട്ടെ - എന്ന് ആർത്ത് വിളിച്ച് ജനറൽ റമീറസിന്റെ നേതൃത്വത്തിൽ മുന്നൂറോളം പേർ പട്ടാളത്തെ ആക്രമിക്കാൻ തുടങ്ങി. പട്ടണത്തിലെ മിക്ക യുവാക്കളും ക്രിസ്റ്ററോസ് സംഘത്തിൽ ചേർന്നിരുന്നു. 21 വയസുള്ള ജോസിന്റെ സഹോദരൻ മിഗുവേലും ഒരു രാത്രിയുടെ നിശബ്ദതയിൽ, മാതാപിതാക്കളുടെ അനുവാദത്തോടെ ആ സാഹസസംഘത്തിൽ ചേർന്നു.



San José Luis Sánchez del Río
Cristero Mártir
1913 - 1928
Fiesta - 10 de febrero

വെറും 13 വയസുള്ള തനിക്ക് ഈശോയ്ക്കുവേണ്ടി എന്തു ചെയ്യാനാവും? ക്രിസ്റ്ററോസുകളുടെ പരുക്കൻ ജീവിതം തനിക്കു സാധ്യമാകുമോ? തന്നെയുമല്ല 21 വയസു തികയാത്ത തന്നെ അവർ സ്വീകരിക്കുമോ? ജോസ് ചിന്തയിലാണ്ടു. പ്രിയ സുഹൃത്ത് ട്രിനോയുടെ നിർദേശപ്രകാരം ജനറൽ റമീറസിന് ജോസ് ഒരു കത്തെഴുതി. ഒരു ദിവസം സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം ജോസ് വീട്ടിൽ കാര്യം അവതരിപ്പിച്ചു. സ്നേഹം നിറഞ്ഞ കണ്ണുനീരായിരുന്നു മറുപടി. വേദന അതികഠിനമെങ്കിലും മാതാപിതാക്കൾ ദൈവഹിതത്തിനു വിധേയപ്പെട്ടു. സാൻഹുയാവോയിലെ ഓരോ വീടുകളിൽനിന്ന് ക്രിസ്റ്ററോസ് സേനയ്ക്കായ് ഭക്ഷണമെത്തിച്ചിരുന്നു. അതിന്റെ കൂടെ ജോസിന്റെ കത്തും ജനറൽ റമീറസിന്റെ കൈയിലെത്തി. ക്രിസ്റ്ററോസിന്റെ ജീവിതം തനി പട്ടാളശൈലിയിലായിരുന്നു. കുട്ടികളുടെ സാന്നിധ്യം അച്ചടക്കത്തിന് വിഘാതമാകുമെന്ന് റമീറസ് കരുതി. അതുകൊണ്ട് സ്വീകരിക്കില്ല എന്നതായിരുന്നു മറുപടി... വീട്ടിലിരുന്ന് ക്രിസ്റ്ററോസിനെ സഹായിക്കാം. സാൻഹുയാവോയിലെ ഒറ്റ സംഘത്തലവനും ബാലനായ ജോസിനെ സംഘത്തിൽ ചേർക്കില്ല എന്ന മറുപടികണ്ട് ജോസും ട്രിനോയും സാൻഹുയാവോയ്ക്കു പുറത്തുപോകാൻ തീരുമാനിച്ചു. ഓരോ ജില്ലയുടെയും അതിർത്തിയിൽ പട്ടാളക്കാരുണ്ടായിരുന്നു. പിറ്റേന്നു വെളുപ്പിനു തന്നെ അവർ മലകൾ കയറിയിറങ്ങി.

സാൻഹുയാവോയ്ക്ക് സമീപത്തുള്ള കോട്ടിജയാണ് ലക്ഷ്യം. ഇരുട്ടുന്നതിനുമുമ്പ് അവർ അവിടെ എത്തി. പ്രസിഡന്റ് പ്ലൂട്ടാർക്കോയുടെ നിയമങ്ങളിൽ പ്രതിഷേധിച്ച് സൈന്യത്തിലെ ജോലി ഉപേക്ഷിച്ച പ്രസിഡന്റ് പ്രുഡൻഷ്യോ ആയിരുന്നു



## പ്രതീക്ഷയുടെ പൂമൊട്ടുകൾ

അവിടെ നേതാവ്. ജോസിന് ബ്യൂഗിൾ വിളിക്കുന്ന ജോലിയും ട്രിനോയ്ക്ക് സേനകളിലേക്ക് സന്ദേശം വഹിക്കാനുള്ള ജോലിയും നൽകി. സേനയുടെ ഏത് ആവശ്യവും നിറവേറ്റാൻ ജോസ് സദാ സന്നദ്ധനായിരുന്നു.

താമസിയാതെ കോട്ടിജയിൽ നിന്നും പട്ടാളം പൂർണ്ണമായും പിൻവാങ്ങി, സാൻഹുയാവോയിൽ പീഡനം ശക്തമാക്കി. നിരവധി ആളുകളെ പരസ്യമായി തൂക്കിക്കൊന്നു. ജനറൽ റമീറസ് കോട്ടിജയിലെ സേനയോട് സഹായമഭ്യർത്ഥിച്ചു. അതിരാവിലെ ദിവ്യബലിക്കുശേഷം ജനറൽ പ്രുഡൻഷ്യോ സാൻഹുയാവോയിലേക്കു പോകാൻ തയ്യാറുള്ളവർ ആരെന്നു ചോദിച്ചു. 'ഞാനും ട്രിനോയും തയ്യാറാണു സാർ' ജോസ് മറുപടി പറഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട ഇരുപതുപേർ യാത്രയായി. യാത്രയിൽ പട്ടാളം അവരെ വളഞ്ഞു. രണ്ടു ബാലന്മാർ ഒഴികെ ബാക്കി എല്ലാവരും രക്ഷപ്പെട്ടു. ജോസും സാൻഹുയാവോക്കാരനായ ലോറൻസോയും പ്രസിഡന്റിന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ടു. കുട്ടികൾ വഴിതെറ്റി ക്രിസ്റ്ററോസിൽ ചേർന്നതാവാമെന്നു കരുതി പ്രസിഡന്റ് പ്ലൂട്ടാർക്കോ നീളാൾ വാഴട്ടെ എന്നു പറയാൻ പിക്കാസോ ആവശ്യപ്പെട്ടു. സധൈര്യം അവരെ എതിർത്ത ജോസ് 'വീവാ ക്രിസ്റ്റോ രേ' എന്ന് ഉറക്കെ വിളിച്ചു. വലിയ ഗോഡൗണിൽ അവർ അടയ്ക്കപ്പെട്ടു. പിറ്റേന്ന് സാൻഹുയാവോ ദൈവാലയത്തിലേക്ക് ഇരുവരെയും കയറിൽകെട്ടി കൊണ്ടുവന്നു. പ്രസിഡന്റ് പ്ലൂട്ടാർക്കോ നീണാൾ വാഴട്ടെ എന്നു മാത്രമല്ല ക്രിസ്തുരാജൻ മരിക്കട്ടെ എന്നു കൂടി പറഞ്ഞാൽ രക്ഷപ്പെടാമെന്ന് കല്ലസ് പറഞ്ഞു. അതിനു തയ്യാറാകാതെ 'വിവാ ക്രിസ്റ്റോ രേ' എന്നു ജോസ് പറഞ്ഞതും ലോറൻസോയുടെ കഴുത്തിലെ കയർ പട്ടാളക്കാർ പൊക്കമുള്ള മരക്കൊമ്പിൽ കെട്ടിയുയർത്തി. പട്ടാളക്കാരുടെ കാവലിൽ സാൻഹുയാവോ പള്ളിമുറിയിൽ ജോസിനെ അടച്ചു.

പിക്കാസോയുടെ ബന്ധുവും ജോസിന്റെ ആന്റിയുമായിരുന്ന ട്രിയാമഗ്ദലേന ജോസിന് ദിവ്യകാരുണ്യം എത്തിച്ചു കൊടുത്തു. ദിവ്യകാരുണ്യം ഉൾക്കൊണ്ട ജോസ് വിക്കി വിക്കി പറഞ്ഞു.... 'വീവാ ക്രിസ്റ്റോ രേ'. പിറ്റേന്ന് പത്തുമണിയായപ്പോൾ പിക്കാസോയും കൂട്ടരുമെത്തി. ബൂട്ട്സിട്ട കാലുകൾ കൊണ്ട് ജോസിനെ തട്ടി. പോക്കറ്റിൽ നിന്നെടുത്ത കത്തി ജോസിന്റെ വലത്തുകാലിൽ കുത്തിയിറക്കി. പിന്നെ ആഞ്ഞുതൊഴിച്ചു. പിന്നെ ഇടത്തെ കാലിലും കത്തി കുത്തിയിറക്കി. കൈകൾ പിന്നിൽ കെട്ടി സെമിത്തേരിയിലേക്ക് നടത്തിക്കൊണ്ടു പോയി. തളർന്നു വീണ ജോസിനെ പട്ടാളക്കാർ പൊക്കിയുയർത്തി നിർത്തി. പുതിയതായി വെട്ടിയൊരുക്കിയ ശവക്കുഴിയുടെ അടുത്തുവച്ച് ക്രിസ്തുരാജൻ മരിക്കട്ടെ എന്ന് പറയാൻ ജോസിന് ഒരവസരംകൂടി നൽകപ്പെട്ടു. 'വീവാ ക്രിസ്റ്റോ രേ' എന്ന് ജോസ് ആവർത്തിച്ചു. നനഞ്ഞ പൂഴിയിലേക്ക് മുഖമടച്ചവൻ വീണു. വിരൽകൊണ്ടു മണ്ണിൽ വരച്ച കുരിശടയാളമായിരുന്നു അവന്റെ അവസാന ചലനം. പിക്കാസോയുടെ ബൂട്ട്സിട്ട കാലുകൾ ജോസിന്റെ ജഡം ശവക്കുഴിയിലേക്കു തട്ടിവീഴ്ത്തി. 1928 ഫെബ്രുവരി 10 നാണ് ജോസ് വീരചരമം പ്രാപിച്ചത്. സല്ലപിച്ചു നടക്കേണ്ട ബാലപ്രായത്തിൽ ഈശോയ്ക്കുവേണ്ടി ധീരരക്തസാക്ഷിത്വം വരിച്ച ഈ പുണ്യാത്മാവിനെ 2004 ജൂൺ 22 ന് വി. ജോൺ പോൾ രണ്ടാമൻപാപ്പ രക്തസാക്ഷിയായും 2005 നവംബർ 20 ന് ബെനഡിക്റ്റ് പതിനാറാമൻ പാപ്പ വാഴ്ത്തപ്പെട്ടവനായും 2016 ഒക്ടോബർ 16-ാം തീയതി ഫ്രാൻസിസ് പാപ്പ വിശുദ്ധനായും പ്രഖ്യാപിച്ചു. പീഡിപ്പിക്കപ്പെടുന്ന വിശ്വാസികളുടെയും കുട്ടികളുടെയും കൗമാരക്കാരുടെയും സാൻഹുയാവോ പട്ടണത്തിന്റെയും മദ്ധ്യസ്ഥനായ വി. ജോൺ ലൂയിസിന്റെ തിരുനാൾ ഫെബ്രുവരി 10 നാണ്.



# സകല വിശുദ്ധരുടെയും തിരുനാൾ സാർവത്രിക വിശുദ്ധീകരണദിനം

ഉയിർപ്പിനുശേഷം വരുന്ന വെള്ളിയാഴ്ച സകല വിശുദ്ധരുടെയും തിരുനാളായാണ് നാം കൊണ്ടാടുന്നത്. എ.ഡി. 341 ലെ ദുഃഖവെള്ളിയാഴ്ച സെലൂഷ്യ-സ്റ്റെസിഫോണിലെ കാതോലിക്കാ ആയിരുന്ന മാർ ശെമയോൻ ബർസബായും മറ്റു പല മെത്രാന്മാരും അല്മായരും ശാബോർ രണ്ടാമൻ ചക്രവർത്തിയുടെ കാലത്ത് വധിക്കപ്പെട്ടു. അവർ വധിക്കപ്പെട്ടത് ദുഃഖവെള്ളിയാഴ്ച ആയിരുന്നതിനാൽ അതിനുശേഷമുള്ള ആദ്യത്തെ വെള്ളിയാഴ്ച അവരുടെ ഓർമ്മ ആചരിച്ചുതുടങ്ങി. ആ ദിവസമാണ് പിന്നീട് സകല വിശുദ്ധരുടെയും തിരുനാൾ ദിവസമായി ആഘോഷിക്കാൻ തുടങ്ങിയത്.

തിരുസഭയിൽ എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്ന സന്ദേശം എല്ലാവരിലുമെത്തിക്കുവാൻവേണ്ടി വിശുദ്ധിയുടെ പ്രവാചകശബ്ദമായ ദൈവദാസൻ വില്യം ജക്വീൻതാ പിതാവിലൂടെ നല്ലവനായ ദൈവം രൂപം നല്കിയതാണ് അപ്പസ്തോലിക് ഒബ്ലേറ്റ്സും അപ്പസ്തോലിക് സൊദാലെസും സോഷ്യൽ ആനിമേറ്റേഴ്സും ഉൾക്കൊള്ളുന്ന പരമാവധിസ്നേഹത്തിന്റെ പ്രേഷിതകുടുംബം. സകല വിശുദ്ധരുടെയും തിരുനാൾ സാർവത്രിക വിശുദ്ധീകരണദിനമായി ആചരിക്കാനാണ് ജക്വീൻതാ പിതാവ് തന്റെ മക്കളോട് ആഹ്വാനം ചെയ്തിരിക്കുന്നത്. ക്രൈസ്തവമക്കളെ തങ്ങളുടെ വിളിയുടെ ആഴത്തിലേക്കും വിശുദ്ധിക്കുവേണ്ടി യത്നിക്കുവാനുള്ള ആഗ്രഹത്തിലേക്കും ഒരു പടികൂടി ഉയർത്തുവാൻ ലക്ഷ്യംവച്ചുകൊണ്ടാണ് ഇത് ആചരിക്കുന്നത്. അപ്പസ്തോലിക് ഒബ്ലേറ്റ്സ് തങ്ങളായിരിക്കുന്ന എല്ലാ ഇടവകകളിലും ഈ ദിനം സമുചിതമായി കൊണ്ടാടുന്നു. ചങ്ങനാശ്ശേരി അതിരൂപതയിലെ പുല്ലങ്ങടി ഇടവകയിലാണ് ഈ വർഷം പ്രത്യേകമായ ആഘോഷങ്ങൾ നടക്കുന്നത്.



# അനാഥമായ മുട്ടകൾ

**ഷിനി തെരേസ് മുതുപ്ലാക്കൽ**

മുറ്റത്തുള്ള കുറ്റിച്ചെടിയിൽ ഇണക്കിളികൾ കൂടൊരുക്കുന്നത് കൗതുകമുണർത്തുന്ന കാഴ്ചയായിരുന്നു. എത്ര ക്ഷമയോടെയും കരുതലോടെയും ശ്രദ്ധയോടെയുമാണ് അവ തങ്ങളുടെ പണികളിലേർപ്പെടുന്നത്! കൂടൊരുക്കിയശേഷം മൂന്നു മുട്ടകളാണ് പെൺകിളിയിട്ടത്. തന്റെ ശരീരത്തിന്റെ ചൂടിനാൽ വിരിയുന്ന മുട്ടകളിൽനിന്നും പിറ

ക്കാൻ പോകുന്ന കുഞ്ഞുക്കിളികളെ സ്വപ്നം കണ്ടായിരിക്കണം പെൺകിളി അടയിരുന്നത്. എന്നാൽ ആ സ്വപ്നങ്ങളെല്ലാം തകരാൻ അധികസമയം വേണ്ടിവന്നില്ല. കാരണം, ആ കിളി മറ്റൊരു പക്ഷിക്ക് ഭക്ഷണമായിത്തീരുകയാണു ചെയ്തത്. അനാഥമായ മുട്ടകൾ, വിരിയാത്ത മുട്ടകൾമാത്രം, കൂട്ടിലവശേഷിച്ചു...!

വേർപാട് എപ്പോഴും നൊമ്പരമുണർത്തുന്നതാണ്. തന്റെ വേർപാടിനുമുമ്പ് ഈശോ തന്റെ പ്രിയശിഷ്യരെ അടുത്തിരുത്തി കുറേക്കാര്യങ്ങൾ അവരെ പഠിപ്പിച്ചു (യോഹ 13-16). ഈശോയുടെ വേർപാട് ആസന്നമായെന്നറിഞ്ഞ ശിഷ്യന്മാർക്ക് അതുൾക്കൊള്ളാനായില്ല; ഈശോ പറഞ്ഞ പലതും അവർക്ക് മനസ്സിലാക്കാനുമായില്ല. അവരുടെ അവസ്ഥ തിരിച്ചറിഞ്ഞ ഈശോ പറയുന്നു... "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല" (യോഹ 14,1.18).

ഈശോയുടെ മരണത്തിൽ അനാഥത്വത്തിന്റെ കയ്പു നുകർന്ന ശിഷ്യന്മാരോടൊപ്പം ഉത്ഥിതനായ മിശിഹാ നാല്പതു ദിവസത്തേക്ക് കൂടെനടന്ന് അവരെ പഠിപ്പിക്കുകയും വേണ്ടത്ര തെളിവുകൾ നല്കിക്കൊണ്ട് ജീവിക്കുന്നവനായി പ്രത്യക്ഷപ്പെടുകയും ചെയ്തു (നട 1,3). താൻ വാഗ്ദാനം ചെയ്തിരുന്ന സത്യാത്മാവിനെ നല്കിക്കൊണ്ട് അവരെ ശക്തിപ്പെടുത്തുകയും ചെയ്തു.

തിരുസ്സഭയുടെ അന്നുമുതലിന്നോളമുള്ള ചരിത്രത്തിൽ മാനുഷികമായി നമുക്കു മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള പലതും സംഭവിച്ചിട്ടുണ്ട്. ഉള്ളിലും പുറത്തുനിന്നുമുള്ള ശത്രുക്കളാൽ സഭ ആക്രമിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അവയെല്ലാം അതിജീവിച്ച് സഭ ഇന്നും നിലനില്ക്കുന്നു. കാരണം സഭ മിശിഹായുടേതാണ്. സഭ ഒരേസമയം വിശുദ്ധയും പാപിയുമാണെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നുണ്ടല്ലോ. ദൈവത്തിന്റേതാകയാൽ അവൾ വിശുദ്ധയാണ്; ബലഹീനരായ മനുഷ്യരുടേതുമാകയാൽ അവൾ പാപിയുമാണ്. അതുകൊണ്ട് മാനുഷികവിശദീകരണങ്ങൾക്കുപരിയായ സംഭവങ്ങളുണ്ടാകുമ്പോൾ, "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല" എന്ന മിശിഹായുടെ വചനങ്ങൾ നമുക്കു ശക്തി പകരണം. നമുക്കു തിന്മയായി അനുഭവപ്പെടുന്നതും ദൈവം അനുവദിക്കുന്നതാണ്. തിന്മയിൽനിന്നും നന്മയുളവാക്കാൻ കഴിവുള്ള തമ്പുരാനോട് പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്യാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

*ഈസ്റ്റർ പ്രഘോഷണം ശ്രവിച്ച ഒരു മനുഷ്യന് പിന്നീട് ദുരന്തപരമായ മുഖഭാവത്തോടെ സഞ്ചരിക്കാനാവുകയില്ല. പ്രത്യാശയില്ലാത്തവന്റെ രസമില്ലാത്ത അസ്തിത്വം നയിക്കാനും കഴിയുകയില്ല*

**ഫ്രീഡറിക് ഷില്ലർ**



പ്രതീക്ഷയുടെ പൂമൊട്ടുകൾ

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ ഉയിർപ്പുകാലത്തേക്ക് നാം പ്രവേശിക്കുകയാണല്ലോ. "മിശിഹാ ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). ഉത്ഥാനം ചെയ്ത മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുകയും അവിടുത്തെ പൗരോഹിത്യശുശ്രൂഷ നിർവഹിക്കുകയും ചെയ്യുന്നവരാണല്ലോ നമ്മൾ. നമ്മുടെ വ്യക്തിത്വത്തോടും ശുശ്രൂഷയോടും നീതി പുലർത്തണമെങ്കിൽ നാം മിശിഹായെ ധരിക്കുന്ന പ്രക്രിയയിൽ നിരന്തരം ഏർപ്പെട്ടുകൊണ്ടിരിക്കണം (എഫേ 4,22-24). വി. പൗലോസ്ശ്ലീഹായുടെ വാക്കുകളിൽ, മിശിഹായോടുകൂടി മരിച്ച് അവിടുത്തോടുകൂടി ജീവിക്കുന്ന - പാപത്തിനു മരിച്ച് ദൈവത്തിനുവേണ്ടി ജീവിക്കുന്ന - നമ്മുടെ മാമ്മോദീസാനുഭവത്തിൽ നാം നവീകരിക്കപ്പെടണം (റോമാ 6,10-11). നമ്മുടെ അനുദിന കുർബാനയർപ്പണം ഈ മരണോത്ഥാനം നവീകരിക്കുന്നതിനുള്ള ഏറ്റം വലിയ വേദിയാണല്ലോ. അപ്രകാരം മിശിഹായിൽ നവജീവിതം നയിച്ചുകൊണ്ട് ഉത്ഥിതനായ മിശിഹായെ നമുക്കു വരവേല്ക്കാം. എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദർ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ, 2018 ജനുവരി 27-ാം തീയതി ഇന്ത്യയിൽനിന്നും റോമിലേക്ക് യാത്ര തിരിച്ചു. റോമിൽനിന്നും 29-ാം തീയതി മോസ്കോ വഴി അർമേനിയായിലേക്കു പോയി. കത്തോലിക്കാസഭയും ഓറിയെന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള അന്തർദ്ദേശീയ ദൈവശാസ്ത്ര ഡയലോഗിൽ സംബന്ധിക്കുവാനാണ് അർമേനിയായിലേക്കു പോയത്. ഇപ്രാവശ്യം ഡയലോഗ് നടന്നത് 2018 ജനുവരി 29 മുതൽ ഫെബ്രുവരി 5 വരെ, അർമേനിയൻ ഓർത്തഡോക്സ് സഭാകേന്ദ്രത്തിൽവച്ചാണ്. ഡയലോഗിന്റെ ഭാഗമായി അർമേനിയൻ ഓർത്തഡോക്സ് സഭാതലവൻ കാരക്കിൻ രണ്ടാമനുമായുള്ള കൂടിക്കാഴ്ചയിലും, അർമേനിയൻസഭയുടെ ആരാധനക്രമാഘോഷത്തിലും പങ്കെടുത്തു. അതേത്തുടർന്ന് ഫെബ്രുവരി 6 മുതൽ 9 വരെ മാൾട്ടായിൽവച്ചു നടന്ന ജനറൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചതിനുശേഷം ഫെബ്രുവരി 12-ാം തീയതി ഇന്ത്യയിൽ തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# എനിക്കെന്തു ലാഭമുണ്ട്?

**സാബി കോഴിക്കോട്**

കഴിഞ്ഞ മാസം എന്റെ മൂത്ത മകളുടെ ജന്മദിനമായിരുന്നു. പതിവിനു വിപരീതമായി ഈ വർഷം ഒരു അനാഥമന്ദിരത്തിൽ ജന്മദിനം ആഘോഷിക്കണം എന്നവൾക്കൊരു വാശി. എനിക്കെന്റെ മകളെ ഓർത്ത് യഥാർത്ഥത്തിൽ അഭിമാനം തോന്നി. ആർക്കും വേണ്ടാത്ത എൺപത്തിയഞ്ച് അപ്പനമ്മമാർ താമസിക്കുന്ന സ്ഥലം. ഏതോ വലിയ കാര്യം ചെയ്യാൻ പോകുന്നു എന്ന മട്ടിലായിരുന്നു ഞങ്ങളുടെ പെരുമാറ്റം. എന്നാൽ അധികം വൈകാതെ അവരുടെ ജീവിതാനുഭവങ്ങളുടെ പങ്കുവയ്ക്കലുകൾക്കു മുൻപിൽ എന്റെ അഹത്തിന്റെ മേലങ്കി തനിയെ അഴിഞ്ഞുവീണു.

ഒരമ്മയെ പരിചയപ്പെടുത്തട്ടെ. ആനിയമ്മച്ചി. നല്ല തറവാടിത്തമുള്ള കുടുംബത്തിൽ പിറന്നവൾ. ഇഷ്ടംപോലെ സമ്പത്തും. വിവാഹം കഴിച്ച കുര്യാച്ചൻ അല്പം മുൻശുണ്ഠിക്കാരനായിരുന്നെങ്കിലും കുടുംബകാര്യങ്ങളെല്ലാം ഭംഗിയായി നോക്കിനടത്തി. വളരെ സമാധാനമായി പതിനഞ്ചു വർഷം കടന്നുപോയി. ആറു മക്കൾ. അഞ്ചാണും ഒരു പെണ്ണും. കർക്കിടകത്തിലെ ഒരു കറുത്ത രാവിൽ എതിരെ ചീറിപ്പാഞ്ഞുവന്ന ഒരു ടിപ്പർ ഇടിച്ച് കുര്യാച്ചന്റെ ഇന്നോവ തവിടുപൊടിയായി. ഒപ്പം ആനിയമ്മയുടെ ദാമ്പത്യജീവിതവും. അടക്കും കഴിഞ്ഞ് ബന്ധുക്കളും മിത്രങ്ങളും



## പ്രതീക്ഷയുടെ പൂമൊട്ടുകൾ

നല്ല വാക്കുകൾ പറഞ്ഞ് പിരിഞ്ഞു. 41-ാം ചരമദിനംവരെ കൂടെപ്പിറന്നവർ കൂടെനിന്നു. പിന്നീട് അവരെയും കാണാതായി... സഹോദര സ്നേഹിയായ കുര്യാച്ചൻ തന്റെ സ്വത്തിന്റെ അവകാശം കണക്കുപറഞ്ഞു വാങ്ങാത്തതിനാൽ കൂടപ്പിറപ്പുകൾത്തന്നെ ഔദാര്യപൂർവ്വം അത് പങ്കിട്ടെടുത്തു. ആറു മക്കളെയുംകൊണ്ട് പടിയിറങ്ങിയ ആനിയമ്മയ്ക്ക് പിന്നീട് കൂട്ട് ആരുമില്ലാത്തവർക്ക് എന്നും തുണയാകുന്ന കർത്താവു മാത്രമായിരുന്നു. എല്ലുമുറിയെ പണിയെടുത്ത് മക്കളെയെല്ലാം ഒരു നിലയിലാക്കി. എന്നാലിന്ന് അവരും കൂടപിറപ്പുകളുടെ അതേ പാതയിലൂടെ മുന്നേറുന്നു. കൂടും കുടുംബവുമായപ്പോൾ തങ്ങൾക്കുവേണ്ടി ഊണും ഉറക്കവും ഉപേക്ഷിച്ചവൾ വലിച്ചെറിയേണ്ട പഴന്തുണിയായി മക്കൾക്കു തോന്നി. അവരുടെ ഓഹരി വിപണിയിൽ ഇനിയുമൊരു ലാഭവും ലഭിക്കുവാനിടയില്ലാത്ത ഈ ജന്മം പടിയിറക്കപ്പെടേണ്ടതുതന്നെയായി.

ചതഞ്ഞ ഞാങ്ങണ ഒടിക്കാത്ത, മങ്ങിക്കത്തുന്ന തീ കെടുത്താത്ത, അവയിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് സ്നേഹത്തിന്റെ കൈത്താങ്ങാകുന്ന പരസ്നേഹത്തിന്റെ പാഠമാണ് മിശിഹാ നമ്മെ പഠിപ്പിച്ചത്. അവിടുത്തെ തുലാസിൽ ലാഭനഷ്ടങ്ങളുടെ കണക്കുകളില്ലായിരുന്നു. ലാഭം തേടിയുള്ള പരക്കംപാച്ചിലിലല്ല, മറിച്ച് നഷ്ടങ്ങൾ സഹിച്ചുകൊണ്ടുള്ള ഒരു വീണ്ടെടുപ്പിലായിരുന്നു അവിടുത്തേക്ക് എപ്പോഴും താല്പര്യം. മനുഷ്യനെപ്പോലെ കൂട്ടിക്കിഴിച്ച് നോക്കിയാൽ അവസാനത്തുള്ളി രക്തംവരെ ഊറ്റി നൽകിയതിന് കർത്താവിന് പകരം എന്തുകിട്ടി...? ഇന്നും അൾത്താരയിൽ നമുക്കുവേണ്ടി മുറിയപ്പെടുന്നതിന്, അളവറ്റ ക്ഷമ നമ്മോടു കാണിക്കുന്നതിന്, കാത്തിരിക്കുന്ന സ്നേഹിതനാകുന്നതിന് എന്താണ് ലാഭം...?

ദൈവത്തിന്റെ അതിരറ്റ സ്നേഹം മനുഷ്യരൂപം പൂണ്ടിറങ്ങിയവരാണ് നമ്മുടെ മാതാപിതാക്കൾ. അവരുടെ സഹനങ്ങൾക്ക്, ത്യാഗങ്ങൾക്ക്, നമ്മിലർപ്പിച്ച പ്രതീക്ഷകൾക്ക് പകരം വയ്ക്കുവാൻ ഈ ലോകത്തിലെ സമ്പത്തിനോ പ്രശസ്തിക്കോ ആകുമോ? ദൈവം സൂക്ഷിക്കാനേൽപ്പിച്ച തിരുശേഷിപ്പുകളായി അവരെ കണ്ടുകൊണ്ട് ജീവിതം കരുപ്പിടിപ്പിക്കുമ്പോൾ അറിയാതെ നമ്മിൽ അനുഗ്രഹം നിറയും. മക്കൾ വിജയങ്ങൾ കൊയ്തെടുക്കും. കുടുംബം സമാധാനപൂർണ്ണമാകും. എവിടെ സ്നേഹമുള്ള കുടുംബമുണ്ടോ അതിനു പിന്നിൽ ത്യാഗധനരായ മാതാപിതാക്കളുമുണ്ട്. മറ്റു പല രാജ്യങ്ങളെയുംപോലെ ആർഷഭാരതവും ജീവന്റെ മേൽ കൈവയ്ക്കാനുള്ള നിയമസാധ്യത നേടിയെടുത്തിരിക്കുന്നു. ഏതൊരുവനും സ്വാതന്ത്ര്യത്തോടെ ജീവിക്കുവാൻ അനുവാദം നൽകിയിരുന്ന നമ്മുടെ നാടിന് ഈ തീരുമാനം ലജ്ജാവഹമല്ലേ. സഹനങ്ങൾ മനുഷ്യനെ ജീവിതത്തിൽ കരുത്തുറ്റവരാക്കുന്നു. ദൈവത്തോട് ചേർന്നുനിൽക്കാൻ സഹായിക്കുന്നു. ഓരോ ജീവനും അതിന്റെ ആരംഭംമുതൽ അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും വേണം. സഹനങ്ങളിൽനിന്ന് ഒളിച്ചോടുകയല്ല വേണ്ടത്, മറിച്ച് ലഭിച്ച ജീവൻ അഭിമാനത്തോടെ ജീവിച്ചുതീർക്കുകയും മറ്റുള്ളവരെ ജീവിക്കാൻ അനുവദിക്കുകയുമാണ്.

അനുദിന ജീവിതത്തിൽ ലാഭങ്ങൾക്കുവേണ്ടിയുള്ള നെട്ടോട്ടത്തിൽ നമുക്ക് ലാഭമല്ലാത്തതിനെയെല്ലാം വലിച്ചെറിയുന്ന ഒരു ഡിസ്പോസിബിൾ സംസ്കാരത്തിനൊപ്പം, നമുക്കു താങ്ങായി നിന്നവർ കൂടെയുണ്ടോ എന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും. നമ്മെ നോക്കി, ഇവിടെ നാം ജീവിക്കാനനുവദിക്കാത്ത എത്രയെത്ര 'സ്റ്റീഫൻ ഹോക്കിംങ്ങ്' മാർ നിലവിളിക്കുന്നുണ്ടാകും!

നോമ്പിലൂടെ ഉയിർപ്പിലേക്ക് പ്രവേശിക്കുമ്പോൾ ലാഭങ്ങൾ നോക്കുന്നവരാകാതെ, നഷ്ടങ്ങൾ സഹിച്ച് മറ്റുള്ളവരെ നേടുന്നവരാകാൻ ദൈവം അനുഗ്രഹിക്കട്ടെ.



# ഉണർത്തുപാട്ട്

**ജൂലി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"*അവൻ ഇവിടെ ഇല്ല; താൻ അരുളിച്ചെയ്തതു പോലെ അവൻ ഉയിർപ്പിക്കപ്പെട്ടു*" (മത്താ 28,6).

ജീവിതദുഃഖത്തിന്റെ ഏകാന്തനിമിഷങ്ങളിൽ, നിസ്സഹായതയുടെ കയങ്ങളിലേക്കുള്ള കൂപ്പുകുത്ത ലിൽ, ആത്മധൈര്യം ചോർത്തുന്ന യാഥാർത്ഥ്യങ്ങ ളിൽ, ഗതിയറിയാതെ ഉഴലുന്ന ആത്മനൊമ്പരങ്ങളിൽ... തെളിയേണ്ട, ധ്യാനിക്കേണ്ട ഒന്നാണ് 'ശൂന്യമായ കല്ലറ'.

ആർക്കോവേണ്ടി പണിയപ്പെട്ട കല്ലറ അവന്റെ ഭൗതികശരീരം ഏറ്റുവാങ്ങി. താനെ ഉരുട്ടിമാറ്റപ്പെട്ട ആ കല്ലുകൾ അവന്റെ ഉത്ഥാനത്തിനു സാക്ഷ്യമായി.

"... ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കു ന്നത് എന്തിന്?" (ലൂക്കാ 24,8). പ്രതീ ക്ഷയുടെ ചക്രവാളത്തിലേക്ക് ആശ നശിച്ചവന്റെ മിഴിയുയർത്തുന്ന മൊഴി കൾ!

ഒന്നും അവിടുത്തേക്ക് അജ്ഞാ തമല്ല; സർവജ്ഞാനിയും സർവശക്ത നുമായ സ്രഷ്ടാവ് നിസ്സാരനായ തന്റെ സൃഷ്ടിയെ തന്നോളമുയർത്തുവാൻ... അവന്റെയുള്ളം തൊട്ടുണർത്തുന്നു. അല്ലാതെന്ത്? മരണത്തെ തോല്പിച്ച വൻ മരണഭയം ഇല്ലാതാക്കുന്നു.

വിശ്വാസത്തിന്റെ, പ്രത്യാശയുടെ, സമർപ്പണത്തിന്റെതന്നെ ഒരു ഉയിർത്തെഴുന്നേല്പാണ് ഇന്നിന്റെ ആവശ്യം. ക്രൈസ്തവാസ്തിത്വം മിശി ഹായുടെ ഉത്ഥാനമെങ്കിൽ, ശൂന്യമായ കല്ലറ ഈ ലോകത്തിന്റെ മനുഷ്യനെ ദൈവോന്മുഖനാക്കുന്ന വലിയൊരു അടയാളമല്ലേ? ശൂന്യമായ കല്ലറയും സ്ലീവായും ഈ ലോകജീവിതത്തിൽ ഉത്ഥിതനെ പ്രഘോഷിക്കുമ്പോൾ ഈ അടയാളങ്ങൾ ധ്യാനിക്കുന്ന ഒരുവൻ സ്വയം ഒരു 'ഉണർത്തുപാട്ട്' ആകുക യില്ലേ? അവനവനിലും അപരനിലും ഉത്ഥിതന്റെ പ്രത്യാശയും സമാധാ നവും നിറയ്ക്കുന്ന ഒരു ഉണർത്തു പാട്ട്...

"മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണു ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല" (സങ്കീ 23,4).




**ഷീലമ്മ പൂതക്കുഴിയിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: *പാപത്തെയും മരണത്തെയും പരാജയപ്പെടുത്തിയ ഈശോയുടെ തിരുവുത്ഥാനത്തെ ഈ ദിവ്യരഹസ്യത്തിൽ നമുക്കു ധ്യാനിക്കാം.*
ജീവിതം സമ്മാനിക്കുന്ന നിരവധിയായ വേദനകളിൽനിന്നും ഒരു ഉത്ഥാനം കൊതിക്കുന്നവരാണ് ഞങ്ങൾ. പരി. അമ്മേ, നിന്റെ തിരുക്കുമാരന്റെ തിരുവുത്ഥാനം ഞങ്ങളുടെ ജീവിതങ്ങളിൽ ജീവനും സന്തോഷവും പകരുന്ന ഒരു നവ്യാനുഭവമാക്കി മാറ്റുവാനുള്ള കൃപയും അനുഗ്രഹവും ഞങ്ങൾക്കായി വാങ്ങിത്തരണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*
**രണ്ടാം ദിവ്യരഹസ്യം**: *ഉത്ഥാനശേഷം മഗ്ദലേനായ്ക്കു പ്രത്യക്ഷനാകുന്ന ഈശോയെ ഈ ദിവ്യരഹസ്യത്തിൽ നമുക്ക് ധ്യാനിക്കാം.*
ഈശോ കടന്നുവന്നപ്പോൾ, 'ഇന്നലെകൾ' മറന്ന് ഈശോയിൽ ജീവിച്ച മഗ്ദലേനായ്ക്ക് ദർശനഭാഗ്യം അനുവദിച്ച ദിവ്യനാഥൻ... പരി.അമ്മേ, നിന്റെ തിരുക്കുമാരനെ ഹൃദയത്തിൽ സ്വീകരിച്ച്, മാറ്റം വന്ന വ്യക്തികളായി ജീവിക്കുവാനുള്ള കൃപയും അനുഗ്രഹവും ഞങ്ങൾക്കായി വാങ്ങിത്തരേണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*
**മൂന്നാം ദിവ്യരഹസ്യം**: *ഉത്ഥാനസന്തോഷവുമായി ശിഷ്യഗണത്തിലേക്കു കടന്നുചെല്ലുന്ന മഗ്ദലേന മറിയത്തിന്റെ പ്രേഷിതതീക്ഷ്ണത ഈ ദിവ്യരഹസ്യത്തിൽ നമുക്കു ധ്യാനിക്കാം.*
ഉത്ഥിതന്റെ ദർശനഭാഗ്യം സ്വകാര്യസന്തോഷമാക്കി വയ്ക്കാതെ, ആ സന്ദേശവുമായി തീക്ഷ്ണതയോടുകൂടി ഓടിയ മഗ്ദലേനയെപ്പോലെ, വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ജീവിതംകൊണ്ടും ഉത്ഥാനത്തിനു സാക്ഷ്യം വഹിക്കുന്നതിനുള്ള കൃപയും അനുഗ്രഹവും ഞങ്ങൾക്കായി വാങ്ങിത്തരേണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*
**നാലാം ദിവ്യരഹസ്യം**: *സെഹിയോൻ മാളികയിൽ പരി. അമ്മയോടു ചേർന്ന് പ്രാർത്ഥനയിൽ മുഴുകിയ ശിഷ്യഗണത്തെ ഈ ദിവ്യരഹ്യത്തിൽ നമുക്കു ധ്യാനിക്കാം.*
എല്ലാം നഷ്ടപ്പെട്ടുവെന്നു തോന്നുന്ന സാഹചര്യത്തിലും മടുപ്പുകൂടാതെ, പ്രാർത്ഥനയിൽ ആശ്രയിച്ച്, ഈശോയുടെ വാഗ്ദാനങ്ങളിൽ വിശ്വസിച്ചു കാത്തിരുന്ന്, ഉത്ഥാനത്തിനു സാക്ഷികളായിത്തീർന്ന ശിഷ്യന്മാരെപ്പോലെ വേദനയുടെ നിമിഷങ്ങളിൽ നഷ്ടധൈര്യരാകാതെ പ്രാർത്ഥനയിൽ ആശ്രയിച്ചു കാത്തിരിക്കാനുള്ള ദൈവകൃപ നിന്റെ തിരുക്കുമാരനിൽനിന്നും ഞങ്ങൾക്കായി വാങ്ങിത്തരേണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*
**അഞ്ചാം ദിവ്യരഹസ്യം**: *ഉത്ഥാനത്തിന്റെ സന്തോഷവുമായി ലോകമെങ്ങും പോകുന്ന ശിഷ്യഗണത്തെ ഈ ദിവ്യരഹസ്യത്തിൽ നമുക്കു ധ്യാനിക്കാം.*
ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ, ജീവനുള്ള ദൈവത്തെ പകർന്നുകൊടുക്കുവാനും ഭയലേശമെന്യേ ആ സ്നേഹത്തിനു സാക്ഷ്യം വഹിക്കുവാനുമുള്ള വലിയ കൃപയും അനുഗ്രഹവും നിന്റെ തിരുക്കുമാരനിൽനിന്നും ഞങ്ങൾക്കായി വാങ്ങിത്തരേണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

# ദൈവദാസൻ
# ബിഷപ് വില്യം ജക്വീന്താ



## പിതൃമൊഴി

**ഓരോരുത്തരും മറ്റുള്ളവർക്ക്
ഒരു ദാനമായിതീരണം.
സ്വീകരണത്തിന്റെയും ക്ഷമയുടെയും
കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും
കാരുണ്യത്തിന്റെതുമായ ദാനം.**

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

RNI: KERMAL/2014/59983
Published on
24th March 2018

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2018-20
Licence No: KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഉത്ഥിതനീശോ മിശിഹായേ
അഭയം തേടും ഭക്തരെ നീ
കരുണാപൂർവം കാക്കണമേ
വേദനയഖിലം നീക്കണമേ
കരുണാമൃതമാമൗഷധിയാൽ
രോഗം സകലം മാറ്റണമേ"
(എന്താനാ, ഉയിർപ്പുകാലം-ഞായർ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O, Kottayam - 686 018, Printed at WiGi Printers, Manganam P.O, Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal